(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.എം.എൽ.122/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി: 12.01.2017

Phone No: 0471-2331231

Email: lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

നെയ്യാറ്റിൻകര നഗരസഭ

സർ,

വിഷയം: നെയ്യാറ്റിൻകര നഗരസഭ - 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെയ്യാറ്റിൻകര നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമരശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ

*പകർപ്പ്:*

1) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)

4) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം.

5) കാര്യാലയ പകർപ്പ്

കെ.എസ്.എ.റ്റി.വി.എം.എം.എൽ.122/2016 തീയതി: 12.01.2017

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ നഗരപാലിക നിയമം - വകുപ്പ് 295(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.07.2016 മുതൽ 30.11.2016 വരെ നഗരസഭ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

*(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം*

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വി എം മോഹനൻ പിള്ള,<br>ജോയിന്റ് ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16-12-2016മുതൽ 24-12-2016 വരെ |

| | | |
|---|---|---|
| *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ* | : ശ്രീമതി ജയകുമാരി.കെ.ആർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലതാകുമാരി.എം. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അജികുമാരൻ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.പ്രേംനാഥ്.ജി.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീഅരുൺ.സി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബിജുലാൽമണി.എസ്.എൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| ശ്രീമതി ജയലക്ഷ്മി.ബി.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.കോസലരാമദാസ്.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

*(ബി) നിർവ്വഹണാധികാരികൾ*

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീ.എസ്. എസ് ജയകുമാർ | 01-04-2015 മുതൽ 31-10-2015 വരെ |
| | 01-11-2015മുതൽ 11-11-2015 വരെ | (അഡ്മിനിസ്ട്രേറ്റീവ് ഭരണം) |
| | ശ്രീമതി ഡബ്യൂ.ആർ.ഹീബ | 12-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ.ശ്രീകാന്ത്.എ.എസ് | 01-04-2015മുതൽ 12-02-2016വരെ |
| | ശ്രീ.ഡേവിഡ് ജോൺ ഡി മോറിസ് | 12-02-2016 മുതൽ 16-02-2016വരെ |
| | ശ്രീ.മുഹമ്മദ് ഷാഫി | 17-02-2016 മുതൽ 31-03-2016 വരെ |

| *നിർവ്വഹണ ഉദ്യോഗസ്ഥർ* | | |
|---|---|---|
| *ഉദ്യോഗപ്പേര്* | *പേര്* | *കാലയളവ്* |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.രാധാകൃഷ്ണൻനായർ | 01-04-15 മുതൽ 31-03-16വരെ |
| മുനിസിപ്പൽ എഞ്ചിനിയർ | ശ്രീ.ഡേവിഡ് ജോൺ ഡി മോറിസ് | 01-04-15 മുതൽ 31-03-16വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജയനേന്ദ്രദാസ് | 01-04-15 മുതൽ 31-03-16വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സുനിൽകുമാർ | 01-04-15 മുതൽ 31-03-16വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ലിനി.എം.എസ് | 01-04-15 മുതൽ 31-03-16വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.കെ.എസ്.സുകേശ്<br>ഡോ.ഷീലമേബ് ലെറ്റ് | 01-04-15 മുതൽ 31-01-16വരെ<br>01-02-16 മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ നെയ്യാറ്റിൻകര | ശ്രീ.സിൽവസ്റ്റർ | 01-04-15 മുതൽ 31-03-16വരെ |
| കൃഷി ഓഫീസർ പെരുമ്പഴുതൂർ | മാത്യൂ.കെ.തയ്യിൽ | 01-04-15 മുതൽ 31-03-16വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷൈലജ | 01-04-15മുതൽ 31-03-16വരെ |
| പ്രിൻസിപ്പൽ (GBHSS നെയ്യാറ്റിൻകര) | ശ്രീമതി.ജോയ് ജോൺസ് | 01-04-15 മുതൽ 31-03-16വരെ |
| പ്രോജക്ട് ഓഫീസർ | ശ്രീ.മധു<br>ശ്രീ.അജി | 01-04-15മുതൽ 08-12-15വരെ<br>09-12-15 മുതൽ 31-03-16വരെ |
| വെറ്റിനറി സർജൻ | ഡോ.ആർ വേണുഗോപാൽ | 01-04-15 മുതൽ 31-03-16വരെ |
| എസ്.സി.ഡി.ഒ. | ശ്രീ.മനോജ്.എസ്.ആർ | 01-04-15 മുതൽ 31-03-16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | ഷോപ്പിംഗ് കോംപ്ലക്സുകളിലെ സ്റ്റാളുകളുടെ വാടകകരാർ പുതുക്കിയിട്ടില്ല | 2-1 | |
| 13 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല | 2-2 | |
| 14 | ലേലം | 2-3 | |
| 15 | തൊഴിൽ നികുതി | 2-4 | |
| 16 | ഡി ആൻഡ് ഓ ലൈസെൻസ് | 2-5 | |
| 17 | വിനോദ നികുതി | 2-6 | |
| 18 | മുനിസിപ്പൽ സ്റ്റേഡിയം | 2-7 | |
| 19 | അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശിക | 2-8 | |
| | ഭാഗം 3 | | |
| 20 | നടപടി ക്രമങ്ങൾ പാലിക്കാതെയും കൗൺസിൽ തീരുമാനം മറികടന്നും ഓട്ടോ റിക്ഷാ വാങ്ങി നൽകൽ - 300000/- രൂപ തടസ്സത്തിൽ | 3-1 | |

| | | | |
|---|---|---|---|
| | | | |
| 21 | പൊതുമരാമത്ത് പ്രവൃത്തി- ബ്രിക്ക് വർക്കിന് അധിക തുക നല്കി- 74,316/-രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-2 | |
| 22 | പൊതുമരാമത്ത് പ്രവൃത്തി- എർത്ത് വർക്കിന് അധിക തുക നല്കി 67,222/-രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-3 | |
| 23 | കരിങ്കല്ല് പൊളിക്കുന്നതിന് അധിക തുക നല്കി-13,948 രൂപ നിരാകരിക്കുന്നു | 3-4 | |
| 24 | ഗുണഭോക്തൃ സമിതി ചെയ്ത പ്രവൃത്തിക്ക് ചെലവ് രേഖകൾ പ്രകാരം ഉള്ളതിലും അധികം തുക നല്കി- 52506/-രൂപ നിരാകരിക്കുന്നു | 3-5 | |
| 25 | കുളം നവീകരണം-നീക്കം ചെയ്ത മണ്ണ് ഉപയോഗപ്പെടുത്തിയില്ല- കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. | 3-6 | |
| 26 | ബിറ്റുമിൻ സ്റ്റോക്കിന്റെ ഭൗതിക പരിശോധന-ബിറ്റുമിൻ അധികം സ്റ്റോക്കിലുള്ളത് സംബന്ധിച്ച് | 3-7 | |
| 27 | റോഡ് കോൺക്രീറ്റിംഗ് -ഗുണനിലവാരം പാലിക്കുന്നില്ല | 3-8 | |
| 28 | നടപ്പാത കോൺക്രീറ്റ്-അളവിൽ കുറവ് -14512/-രൂപ നിരാകരിക്കുന്നു | 3-9 | |
| 29 | ചുറ്റുമതിൽനിർമ്മാണം - അളവിൽ കുറവ് 14039 രൂപ നിരാകരിക്കുന്നു. | 3-10 | |
| 30 | മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല | 3-11 | |
| 31 | ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലമെടുപ്പ്-കേസുനടത്തിപ്പ്-നഗരസഭയുടെ ഭാഗത്ത് വീഴ്ച | 3-12 | |
| 32 | അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് വായ്പതിരിച്ചടവ് - പെരുകുന്ന ബാധ്യത | 3-13 | |
| 33 | ജീവനക്കാർക്ക് എസ്.എൽ.ഐ/ജി.ഐ.എസ് പദ്ധതിയിൽ അംഗത്വമില്ല | 3-14 | |
| 34 | ശുചീകരണ സാമഗ്രികൾ വിതരണം ചെയ്തില്ല | 3-15 | |
| 35 | ഭവന നിർമ്മാണം (എസ്.സി.പി)- അംഗീകാരം ലഭിച്ചതിനനുസരി ച്ചല്ല പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് | 3-16 | |

| | | | |
|---|---|---|---|
| 36 | പെൻഷൻ ആനുകൂല്യങ്ങൾക്ക് കാലതാമസം | 3-17 | |
| 37 | പ്രവർത്തനമില്ലാതെ കെട്ടിടങ്ങൾ | 3-18 | |
| 38 | വാർദ്ധക്യകാല പെൻഷൻ - 60 വയസ്സ് തികയാത്തവർക്കും പെൻഷൻ | 3-19 | |
| 39 | മരുന്ന് വാങ്ങി നൽകൽ - നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റു ലഭിച്ചില്ല | 3-20 | |
| 40 | പാലിയേറ്റീവ് കെയർ | 3-21 | |
| 41 | ലഹരി വിമുക്ത മുനിസിപ്പാലിറ്റി | 3-22 | |
| 42 | നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ - പ്രൊജക്റ്റ് രേഖകൾ ഹാജരാക്കിയില്ല – 2104853/- രൂപ തടസ്സപ്പെടുത്തുന്നു | 3-23 | |
| 43 | പ്രീ പ്രൈമറി ടീച്ചർമാർക്കും ആയമാർക്കും ഓണറേറിയം ബാക്കി തുക തിരിച്ചടച്ചിട്ടില്ല - നടപടികൾ ത്വരിതപ്പെടുത്തണം | 3-24 | |
| 44 | ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ പദ്ധതി - രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടില്ല – 600000/- രൂപ തടസ്സപ്പെടുത്തുന്നു | 3-25 | |
| | ഭാഗം 4 | | |
| 45 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 46 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 48 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 50 | ഓഡിറ്റ് റിക്കവറി | 4-6 | |
| 51 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 52 | ഓഡിറ്റ് പ്രത്യവലോകനം (4-8.എ മുതൽ ഇ വരെ) | 4-8 | |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

നെയ്യാറ്റിൻകര നഗരസഭയുടെ 2015-16 വർഷത്തെ ബജറ്റ് 27-03-2015-ൽ കൂടിയ നഗരസഭാ യോഗം അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന ആകെ വരവ് 1436543542/-രൂപയും ആകെ ചെലവ് 1374101250/- രൂപയുമാണ്. ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2015-16 വർഷത്തെ ആകെ വരവ് 293959767/- രൂപയും ആകെ ചെലവ് 257524944/- രൂപയുമാണ്.

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 08.08.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 23.12.2016 | സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 66458324.43

വരവ് - 227501443.00

ആകെ - 293959767.43

ചെലവ് - 257524944.00

നീക്കിയിരിപ്പ് – 36434823.43

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4057935 | 63975742 | (+) 7460048 | 75493725 | 75493725 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 194130 | 19534614 | - | 19728744 | 19728744 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 643520 | 7043421 | - | 7686941 | 7686941 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5423664 | 10880578 | - | 16304242 | 16304242 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3917817 | 38075088 | (-)7384026 | 34608879 | 34608879 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 14670000 | 0 | (-)76022 | 14593978 | 14593978 | 0 |
| ബി. ഫണ്ട്. | 0 | 71936123 | 0 | 71936123 | 71936123 | 0 |
| IHSDP | 16161542 | 1500000 | 0 | 17661542 | 0 | 17661542 |
| AUEGS | 874789 | 661 | 0 | 875450 | 843594 | 31856 |
| CENSUS | 3441 | 139 | 0 | 3580 | 0 | 3580 |
| SOLID WASTE | 3788270 | 153046 | 0 | 3941316 | 0 | 3941316 |
| UIDSSMT | 2529074 | 102175 | 0 | 2631249 | 0 | 2631249 |
| SCDD | 746006 | 30119 | 0 | 776125 | 0 | 776125 |
| CDPO | 1668279 | 2138512 | 0 | 3806791 | 2844805 | 961986 |

1) Transaction ഇല്ലാതെ അവശേഷിക്കുന്ന താഴെ പറയുന്ന അക്കൗണ്ടുകളുടെ രേഖകളൊന്നും ലഭ്യമല്ല.

| അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|
| IHSDP, SBT nta | 27257 |
| TREASURY Panchayath Fund | 493025 |
| IOB | 8069 |
| TP 241 | 1076 |

| | |
|---|---|
| TPA 218 | 60110 |
| PD - PF | 128721 |
| Canara LS | 683 |
| KSEB , NTA | 3952 |
| Balance in Suspence Account | 2986.10 |
| Ex. in Audit | .36 |
| Treasury 266 | 141 |

2) വികസനഫണ്ട് (ജനറൽ), എസ്.സി.പി, കെ.എൽ.ജി.എസ്.ഡി.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നീ അക്കൗണ്ടുകൾ റെക്കൺസിലേഷൻ ചെയ്തിട്ടില്ല.

3) കണ്ടിജന്റ്, റഗുലർ വിഭാഗം ജീവനക്കാർക്ക് നൽകുവാനുള്ള DCRG,DA അരിയർ തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

4) നഗര സഭയുടെ എല്ലാ ആസ്തികളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) സർക്കാർ നിർദ്ദേശമനുസരിച്ച് താൽക്കാലികമായി നഗരസഭാ ഫണ്ടിൽ നിന്നും നൽകുന്ന പെൻഷൻ തുകകൾ ബാലൻസ് ഷീറ്റിൽ Recievables ആയി ഉൾപ്പെടുത്തിയിട്ടില്ല.

പ്രവർത്തനമില്ലാത്ത എല്ലാ അക്കൗണ്ടുകളും അടിയന്തിരമായി ക്ലോസ് ചെയ്യേണ്ടതാണ്. നഗരസഭയുടെ എല്ലാ ആസ്തി, ബാധ്യതകളും അക്കൗണ്ട്സിലുൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 201054363 | 192 | 168416509 | 20 | 28 | 87% |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| *നികുതി വരവുകൾ* | | | |
| തൊഴിൽ നികുതി | 9018334 | 9309136 | (+) 290802 |

| | | | |
|---|---|---|---|
| കെട്ടിട നികുതി | 11344036 | 11038855 | (-) 305181 |
| വിനോദനികുതി | 118479 | 145437 | (+) 26958 |
| പരസ്യനികുതി | 120667 | 89934 | (-) 30733 |
| *നികുതിയേതര വരവുകൾ* | | | |
| ഷോപ്പിംഗ് കോംപ്ലക്സ്, ലേലം | 10084929 | 10543248 | (+)458319 |
| ഡി ആൻഡ് ഒ ലൈസൻസ് | 583108 | 645577 | (+)62469 |
| മറ്റ് വരവുകൾ | 5042409 | 11183029 | (+)6140620 |
| ആകെ | 36311962 | 42955216 | (+)6643254 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1922520 | 1251 |
| കർഷകതൊഴിലാളി പെൻഷൻ | 10878660 | 31 |
| വിധവാപെൻഷൻ | 22703000 | 156 |
| വാർദ്ധക്യകാലപെൻഷൻ | 25235400 | 787 |
| വികലാംഗപെൻഷൻ | 7717050 | 40 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1200000 | 46 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 1303320 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2016-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 151/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

കമ്മിറ്റികളുടെ മിനിറ്റ്സ് ബുക്ക്, വാർഡ് സഭാ മിനിറ്റ്സ്ബുക്ക് എന്നിവ സെക്രട്ടറി/ചെയർപേഴ്സൺ എന്നിവർ ഒപ്പുവച്ച് ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. ലോൺ രജിസ്റ്റർ പഴകി ദ്രവിച്ച് പേജുകൾ ഇളകിയനിലയിലുള്ളതാണ്. ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി വാടക, തൊഴിൽ നികുതി, സ്ഥാപന നികുതി, വസ്തു നികുതി, ലൈസൻസ് ഫീ എന്നീ ഇനങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

നഗരസഭയിൽ നിഷ്ക്രിയമായി തുടരുന്ന എല്ലാ അക്കൗണ്ടുകളും ക്ലോസ് ചെയ്ത് ആവശ്യമുള്ള അക്കൗണ്ടുകൾ മാത്രം നിലനിർത്തേണ്ടതാണ്. ബാങ്ക്ബുക്ക്, പാസ്സ്ബുക്ക് എന്നിവയുടെ പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എല്ലാ അക്കൗണ്ടുകളും മാസാന്ത്യ, വർഷാന്ത്യ ക്ലോസിംഗ് നടത്തി റെക്കൺസിലിയേഷൻ ചെയ്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-11-2011 | 2010–11 | 9-10-2010 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-02-2015 | 2013-14 & 2014-15 | 04-06-2016 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഷോപ്പിംഗ് കോംപ്ലക്സുകളിലെ സ്റ്റാളുകളുടെ വാടക കരാർ പുതുക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷത്തിൽ നഗരസഭ വാടകകരാറിൽ ഏർപ്പെടാത്ത ഷോപ്പിംഗ് കോംപ്ലക്സുകളിലെ സ്റ്റാളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | എണ്ണം |
|---|---|---|
| 1 | അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് | 53 |
| 2 | ആറാലുംമൂട് മലക്കറി ചന്ത | - |
| 3 | ടാക്സി സ്റ്റാൻറ് ബിൽഡിംഗ് | 02 |
| 4 | ലൈബ്രറി കെട്ടിടം | 02 |
| 5 | അമരവിള ഐജോൺസ് സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് | 01 |
| 6 | ആലുമൂട് മിനി ഷോപ്പിംഗ് കോംപ്ലക്സ് | 01 |

| | | |
|---|---|---|
| 7 | ഓലത്താന്നി ചന്ത സ്റ്റാളുകൾ | 03 |
| 8 | പെരുമ്പഴുതൂർ ചന്ത സ്റ്റാളുകൾ | 05 |
| 9 | ഠൗൺ മാർക്കറ്റ് സ്റ്റാന്റുകൾ | 39 |
| 10 | ബാങ്കുകൾ | 06 |

മേൽ സൂചിപ്പിച്ച സ്റ്റാളുകളുമായി വാടകകരാറിൽ ഏർപ്പെട്ടില്ലായെങ്കിലും 10% വാടക വർദ്ധനവ് എല്ലാ ലൈസൻസികളിൽ നിന്നും ഈടാക്കുന്നതായി ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറി നം.04/16 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അക്ഷയ കോംപ്ലക്സിൽ വാടക കുടിശ്ശിക വരുത്തിയത് കാരണം 12 മുറികൾ നഗരസഭ പൂട്ടി സീൽ ചെയ്തിട്ടുണ്ട്. 24 മുറികളിൽ ലൈസൻസിയുടേതായുള്ള സാധന സാമഗ്രികൾ ലേലം വഴി കൈയ്യൊഴിയുന്ന നടപടികൾ നടന്നു വരുന്നതായും ടി നടപടിക്രമങ്ങൾ തീർപ്പാക്കുന്ന മുറയ്ക്ക് മേൽ സ്റ്റാളുകൾ പുനർ ലേലം ചെയ്യുന്നതാണെന്നും അതിനുശേഷം വാടകകരാറിൽ ഏർപ്പെടുന്നതാണെന്നും നഗരസഭ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓലത്താന്നി ചന്തയിലെ 5 സ്റ്റാളുകൾ പെരുമ്പഴുതൂർ ചന്തയിലെ ബങ്ക് എന്നിവ ഉപയോഗ ശൂന്യമായതിനാൽ ലൈസൻസി നഗരസഭയെ തിരികെ ഏല്പിച്ചിട്ടുണ്ട് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ കടമുറികളിലേയും സ്റ്റാളുകളിലേയും ലൈസൻസികളെ നഗരസഭയുമായി കരാറിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

## **2-2** <u>മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല.</u>

2011-ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതി ചട്ടം 233(1)(3)-ൽ മുനിസിപ്പാലിറ്റി യുടെ വസ്തുനികുതി നിരക്ക് നിശ്ചയിക്കേണ്ടത് മുനിസിപ്പൽ കൗൺസിലും സെക്രട്ടറിയെ നികുതി ചുമത്തൽ അധികാരിയുമായാണ് വകുപ്പ് 509(2)ൽ നിഷ്കർഷിച്ചിരിക്കുന്നത്. ആയതിനാൽ നഗരസഭ അതിന്റെ അധികാര പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ്. (ജി.ഒ.(എം.എസ്)നം.113/2009/തസ്വഭവ തീയതി 02.01.2009) ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.01/16-നുള്ള മറുപടി പ്രകാരം നെയ്യാറ്റിൻകര നഗരസഭ മേഖലയിൽ ആകെ 23 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായും അവയിൽ 9 ടവറുകൾ വസ്തുനികുതി അടവാക്കിയിട്ടുള്ളതും 14 ടവറുകൾ വസ്തുനികുതി അടവാക്കാത്തതും എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് കുടിശ്ശിക ഉൾപ്പെടെ വസ്തുനികുതി തറവിസ്തീർണ്ണ നിരക്കിന്റെ അടിസ്ഥാനത്തിൽ ഈടാക്കി നഗരസഭയുടെ തനത് ഫണ്ടിൽ ഒടുക്ക് വരുത്തുന്നതിനുള്ള അടിയന്തിര നടപടി മുനിസിപ്പാലിറ്റി സ്വീകരിക്കേണ്ടതാണ്. വസ്തുനികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ മേൽ കേരള മുനിസിപ്പാലിറ്റി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-3** <u>ലേലം</u>

*a. <u>മാർക്കറ്റ് ലേലം</u>*

നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 07 ചന്തകൾ 01 സൈക്കിൾ സ്റ്റാൻറ് 01 കംഫർട്ട് സ്റ്റേഷൻ 01 പാർക്കിംഗ് സെൻറർ 01 ഡോർമിറ്ററി എന്നിവയും പരസ്യനികുതി എന്നിവയുമായാണ് 2015-16 സാമ്പത്തിക വർഷത്തിൽ ലേലം വിളി കേട്ടത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മാർക്കറ്റ്/സ്റ്റാൻറ് | ലേലംവിളികേട്ട വ്യക്തിയുടെ പേര് | ലേല തുക |
|---|---|---|---|
| 1 | ആറാലുംമൂട് മലക്കറി ചന്ത | ശ്രീ.രാജശേഖരൻ | 2521000 |

| | | | |
|---|---|---|---|
| 2 | ആറാലുംമൂട് കന്നുകാലി ചന്ത | ശ്രീ.കമാലുദീൻ | 105000 |
| 3 | ഠൗൺ മാർക്കറ്റ് | ശ്രീ.കമാലുദീൻ | 2842000 |
| 4 | ഓലത്താന്നി ചന്ത | ശ്രീ.കമാലുദീൻ | 15000 |
| 5 | അമരവിള ചന്ത | ശ്രീ.കമാലുദീൻ | 42000 |
| 6 | പെരുമ്പഴുതൂർ ചന്ത | ശ്രീ.കമാലുദീൻ | 280000 |
| 7 | കൊടങ്ങാവിള ചന്ത | ശ്രീ.രാജശേഖരൻ | 85000 |
| 8 | ആറാലുംമൂട് സൈക്കിൾ സ്റ്റാന്റ് | ശ്രീ.കമാലുദീൻ | 4808 |
| 9 | അക്ഷയ പാർക്കിംഗ് സെൻറർ | ശ്രീ.മണിയൻ | 104000 |
| 10 | ജനറൽ ഹോസ്പിറ്റൽ ഡോമിർറ്ററി | ശ്രീ.വാസുദേവൻ | 361000 |
| 11 | പരസ്യനികുതി | ശ്രീ.ബിജൂർ | 91000 |

*b. ഫലവൃക്ഷങ്ങളുടെ ലേലം*

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ ഫലവൃക്ഷങ്ങളുടെ ലേലത്തിനായി ക്വട്ടേഷൻ ക്ഷണിച്ചിരുന്നുവെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ ലേലം ഓഫറിലൂടെ 2015-16 മുതൽ 2018-19 വരെയുള്ള കാലയളവിലേയ്ക്ക് സ്ഥിരപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥലം/സ്ഥാപനം | കരാർ ഏറ്റെടുത്ത വ്യക്തി | ലേല തുക (രൂപ) |
|---|---|---|---|
| 1 | ആട്ടക്കളം(കുത്തകപ്പാട്ടം) | ശ്രീ.ജയപ്രേം.ജെ | 1200 |
| 2 | മുനിസിപ്പൽ സ്റ്റേഡിയം | ശ്രീമുരളീധരൻ | 1400 |
| 3 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ | ശ്രീ.വിനീത് | 950 |
| 4 | പനങ്ങാട്ടുകരി മേക്കരി വരമ്പ് | ശ്രീ.അഭിലാഷ് | 200 |
| 5 | മെത്തപ്പാലപറമ്പ് | ശ്രീ.ബഞ്ചമിൻ | 2500 |
| 6 | കുശക്കോട്ടുകോണം കുളം ബണ്ട് | ശ്രീ.പി.കരുണാകരൻ | 2500 |

*c. കടത്തുകൂലി/വള്ളംവാടക ക്വട്ടേഷൻ*

1. കന്നിപ്പുറം കടവ് (രാമേശ്വരം വാർഡ്) - ശ്രീ.ഷൈജു

   ഒരു ദിവസത്തെ കൂലി - 390 രൂപ

ഒരു ദിവസത്തെ വള്ള വാടക - 110 രൂപ

2. വീരചക്രം കടവ് (പ്ലാവിള വാർഡ്) - ശ്രീ.ശശീന്ദ്രൻ

ഒരു ദിവസത്തെ കൂലി - 390 രൂപ

ഒരു ദിവസത്തെ വള്ള വാടക - 110 രൂപ

3. ഇളവനിക്കര മണ്ണടി കടവ് - ശ്രീ.ജയനന്ദൻ

വള്ളവാടക - 3000 രൂപ

ലേലം/ക്വട്ടേഷൻ നൽകുന്നതിന് പകരം ഓപ്പൺ ലേല രീതിയാണ് മുനിസിപ്പാലിറ്റി പിൻതുടരുന്നത്. നിശ്ചിത തീയതിയിൽ നടത്തുന്ന ലേലത്തിൽ ആരും വിളികേൾക്കാത്ത സാഹചര്യത്തിൽ ഓഫറുമായി മുന്നോട്ട് പോവുകയും ലേല പ്രക്രിയയിൽ മുനിസിപ്പാലിറ്റി ലക്ഷ്യം കൈവരിക്കുന്നതായും ഓഡിറ്റ് വിലയിരുത്തുന്നു. ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ പരിപാലിക്കുന്നുണ്ട്. സോൾവൻസി സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടുണ്ട്. കളക്ഷൻ യഥാസമയം ഒടുക്ക് വരുത്തിയിട്ടുണ്ട്. എങ്കിലും മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഫലവൃക്ഷങ്ങൾ സാമൂഹ്യവിരുദ്ധർ കയ്യേറുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ മുനിസിപ്പാലിറ്റിയുടെ ആസ്തിസംരക്ഷണത്തിനായി നിയമനടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വാടകയുടെ നിരക്ക് താഴെ പറയും പ്രകാരമാണ് ഈടാക്കുന്നത്.

## 2-4 തൊഴിൽ നികുതി

*എ) താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു*

| ക്രമ നം | പേര്, ഉദ്യോഗപ്പേര് | സ്ഥാപനം | വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|
| 1 | രാകേഷ്.എൻ.വി, ഓപ്പറേറ്റർ | വാട്ടർ സപ്ലൈ ഡിവിഷൻ | 130828 | 1000 | 1250 | 250 |
| 2 | അജിൻ.എൻ.എസ്, ഓപ്പറേറ്റർ | | 130828 | 1000 | 1250 | 250 |
| 3 | അജിത് കുമാർ.എം.ആർ, ഓപ്പറേറ്റർ | | 130828 | 1000 | 1250 | 250 |
| 4 | അരുൺ.ബി.എസ്, ഓപ്പറേറ്റർ | | 130828 | 1000 | 1250 | 250 |
| 5 | ഷിബു കുമാർ.ആർ.ആർ, ഓപ്പറേറ്റർ | | 130828 | 1000 | 1250 | 250 |
| 6 | അനീഷ് എസ്, കണ്ടക്ടർ | കെ.എസ് ആർ.ടി.സി | 133854 | 1000 | 1250 | 250 |
| 7 | അനിൽ കുമാർ.കെ.എസ്, കണ്ടക്ടർ | | 133854 | 1000 | 1250 | 250 |

| | | | | | | |
|---|---|---|---|---|---|---|
| 8 | അനിൽ കുമാർ, മെക്കാനിക് | | 126138 | 1000 | 1250 | 250 |
| 9 | അരുൺ.ജി.ആർ, മെക്കാനിക് | | 126138 | 1000 | 1250 | 250 |
| 10 | രാജീവ് ടി ജെ, മെക്കാനിക് | | 126138 | 1000 | 1250 | 250 |
| 11 | സന്തോഷ് കുമാർ.കെ, മെക്കാനിക് | | 126138 | 1000 | 1250 | 250 |
| 12 | എം.എൻ.സന്തോഷ്, മെക്കാനിക് | | 126138 | 1000 | 1250 | 250 |
| 13 | റിനീഷ് എസ് വി, | ബാങ്ക് ഓഫ് ബറോഡ | 126138 | 1000 | 1250 | 250 |

*ബി) താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല*

| ക്രമ നം | പേര്, ഉദ്യോഗപ്പേര് | സ്ഥാപനം | വരുമാനം | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | ജയചന്ദ്രൻ വി, സെക്യൂരിറ്റി ഓഫീസർ | എസ്.ബി.റ്റി.നെയ്യാറ്റിൻകര | 156378 | 1250 |
| 2 | ശ്രീകുമാരൻ നായർ, സെക്യൂരിറ്റി ഓഫീസർ | " | 140772 | 1250 |
| 3 | മുരളീധരൻ നായർ, സെക്യൂരിറ്റി ഓഫീസർ | " | 130704 | 1250 |
| 4 | പ്രേമ ചന്ദ്രൻ പി കെ, സെക്യൂരിറ്റി ഓഫീസർ | " | 130704 | 1250 |
| 5 | ചന്ദ്രൻ എസ്, സെക്യൂരിറ്റി ഓഫീസർ | " | 118530 | 1000 |

*സി) താഴെ പറയുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല*

- പാസ്പോർട്ട് സേവാ കേന്ദ്ര, നെയ്യാറ്റിൻകര
- മൈനർ ഇറിഗേഷൻ സെന്റർ നെയ്യാറ്റിൻകര
- മുത്തൂറ്റ് മെർക്കന്റൈൽ ലിമിറ്റഡ്
- 4 കേരളാ ബറ്റാലിയൻ എൻ സി സി
- അഗ്രികൾച്ചർ ഇമ്പ്രൂവ്മെന്റ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

- ഡിസ്റ്റിലറിസ് ആൻഡ് അലീഡ് പ്രോഡക്ട് നെയ്യാറ്റിൻകര
- സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ റവന്യൂ റിക്കവറി (കെഎസ്എഫ്ഇ)
- സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്
- ഐ.സി.ഐ.സി.ഐ ബാങ്ക്
- എസ്.ബി.ഐ നെയ്യാറ്റിൻകര
- ദീദി മോട്ടോർസ്
- ഇന്ത്യൻ ഓവർസീസ് ബാങ്ക്
- ആക്സിസ് ബാങ്ക്
- സെന്റ് ഫിലിപ്പ് എച്ച് എസ് നെയ്യാറ്റിൻകര
- നിംസ് ഹോസ്പിറ്റൽ
- അസിസ്റ്റന്റ് ഡയറക്ടർ ഓഫ് റീസർവേ
- സിഡബ്ല്യൂആർഡിഎം
- ഡേവിഡ് ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് വർക്സ് അമരവിള
- മുത്തൂറ്റ് ഫിനാൻസ് അമരവിള
- അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോഓപ്പറേറ്റീവ് സൊസൈറ്റി ഓഡിറ്റ്
- ദക്ഷിണ റയിൽവെ
- സാംസ്കാരിക കേന്ദ്രം, വെൺകുളം
- സപ്ലൈകോ സൂപ്പർ മാർക്കറ്റ്, പെരുമ്പഴുതൂർ

*ഡി) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല*

- മണപ്പുറം ഫിനാൻസ്
- കാനറാ ബാങ്ക്
- ഐ.സി.ഐ.സി.ഐ ബാങ്ക്
- മുത്തൂറ്റ് ഫിനാൻസ്
- മുത്തൂറ്റ് മെർക്കന്റൈൽ
- ഗവൺമെന്റ് സർവീസ് കോഓപ്പറേറ്റീവ് സൊസൈറ്റി
- മഹിന്ദ്ര ആൻഡ് മഹിന്ദ്ര
- സ്നേഹ ദീപം ഹോസ്പിറ്റൽ
- യുഎഇ എക്സ്ചേഞ്ച്
- യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്
- ശ്രീരാം ട്രാൻസ്പോർട് ഫിനാൻസ് കോർപ്പറേഷൻ
- സ്കൂൾ ടീച്ചർ കോഓപ്പറേറ്റീവ് താലൂക്ക് സൊസൈറ്റി

- എച്ച്.ഡി.എഫ്.സി ലൈഫ് ഇൻഷുറൻസ്
- ന്യൂ ഇന്ത്യ അഷ്വറൻസ്
- ഓറിയന്റൽ ഇൻഷുറൻസ് കോർപ്പറേഷൻ
- ഫെഡറൽ ബാങ്ക്
- പ്രൈമറി കോഓപ്പറേറ്റീവ് അഗ്രിക്കൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ്
- എൻ.എം.എസ്. എംപ്ലോയീസ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്
- ഗോകുലം ചിട്ടി ഫിനാൻസ്
- ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്
- മുട്ടക്കാട് എം.പി.സി.എസ് ലിമിറ്റഡ്
- കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി
- മുത്തൂറ്റ് ബാങ്ക് അമരവിള
- ആദം ഫിനാൻസ് ഓലത്താന്നി
- ആദം ഫിനാൻസ് പെരുമ്പഴുതൂർ
- എൻഐ ഇൻസ്റ്റിറ്റ്യൂട്ട് അമരവിള
- റേഷൻ റീറ്റെയ്ൽ ഡിപ്പോ നെയ്യാറ്റിൻകര
- റേഷൻ റീറ്റെയ്ൽ ഡിപ്പോ അമരവിള
- നിംസ് ഹോസ്പിറ്റൽ
- കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡ്
- റോളൻഡ്സ് ഹോസ്പിറ്റൽ
- പ്രൈവറ്റ് സ്കൂൾ എംപ്ലോയീസ് കോഓപ്പറേറ്റീവ് സൊസൈറ്റി
- ഇ.വി.എം ലൈറ്റ് മോട്ടോർസ്
- നെയ്യാറ്റിൻകര താലൂക്ക് സർവീസ് കോഓപ്പറേറ്റീവ് ബാങ്ക്
- ഭ്രപണയ ബാങ്ക്
- രാംകോ സിമന്റ്സ് ലിമിറ്റഡ് നെയ്യാറ്റിൻകര
- മുത്തൂറ്റ് സിൻഡിക്കേറ്റ് നിധി ലിമിറ്റഡ്
- ബജാജ് അലയെൻസ്
- സ്റ്റാർ ഹെൽത്ത് ആൻഡ് അലീഡ് ഇൻഷുറൻസ് കമ്പനി
- കോഓപ്പറേറ്റീവ് അർബൻ ബാങ്ക്
- ഹിന്ദുസ്ഥാൻ പെട്രോളിയം മൂന്നുകല്ലിൻമൂട്
- ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ നെയ്യാറ്റിൻകര
- ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഗ്രാമം

*ഇ) തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിൽ വീഴ്ച*

മുനിസിപ്പാലിറ്റി പരിധിയിൽ ജോലി ചെയ്യുന്ന അഭിഭാഷകർ, ഡോക്ടർമാർ, പാരാ മെഡിക്കൽ ജീവനക്കാർ, മാവേലി സ്റ്റോറുകളിലെ ജീവനക്കാർ, തീയേറ്ററിലെ ജീവനക്കാർ, റേഷൻ കടകളിലെ ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ല. ആയതിനാൽ തൊഴിൽ നികുതി വരുമാനത്തിൽ വലിയ തോതിൽ കുറവ് വരുന്നു.

## 2-5 ഡി ആൻഡ് ഓ ലൈസൻസ്

എ) നിരവധി സ്ഥാപനങ്ങൾ 2015 -16 വർഷത്തിൽ ഡി ആൻഡ് ഓ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചതായി കാണുന്നു. അവയിൽ ഏതാനം ചില സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം താഴെ പറയുന്നു.

| ക്രമ നം | ഉടമയുടെ പേര് | വാർഡ് | കെട്ടിട നമ്പർ |
|---|---|---|---|
| 1 | അരുൺജിത്ത് ദാസ് | 9 | 37(ജി) |
| 2 | നസീർ | 9 | 479 |
| 3 | ജിക്സൺ പി ജോർജ് | 11 | 392 എഡി |
| 4 | നെയ്യാറ്റിൻകര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 18 | 374 എ ബി |
| 5 | കൺസ്യൂമർ ഫെഡ് | 13 | ജിഎഫ്എ 14,15 |
| 6 | ബാലചന്ദ്രൻ. കെ | 5 | 57 ക്യൂ |

ബി) നിരവധി സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയപ്പോൾ ലേറ്റ് ഫീ ഈടാക്കിയ തായി കാണുന്നില്ല. അവയിൽ ഏതാനം ചില സ്ഥാപനങ്ങളുടെ വിവരം താഴെ പറയുന്നു.

| ക്രമ നം | ഉടമയുടെ പേര് | വാർഡ് | കെട്ടിട നമ്പർ |
|---|---|---|---|
| 1 | അജിത്ത് രാജ് | 9 | 48 |
| 2 | രമണി | 9 | 37(3) |
| 3 | ഷമീർ | 9 | 37 എഫ് |
| 4 | ഷിബു.ആർ | 12 | 388 |
| 5 | വി.എസ്.വിനോദ് മിത്ര | 20 | 365(1) |

സി) ഡി ആൻഡ് ഓ ലൈസൻസ് അനുവദിക്കുന്ന സമയത്ത്, ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച സാക്ഷ്യപത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

- എം കെ ഓഡിറ്റോറിയം (സംസ്ഥാന മലിനീകരണ ബോർഡ്)
- മണവാട്ടി ഓഡിറ്റോറിയം (സംസ്ഥാന മലിനീകരണ ബോർഡ്)
- എസ് എൻ ഓഡിറ്റോറിയം(സംസ്ഥാന മലിനീകരണ ബോർഡ്)

- ശ്രീജിത്ത് സുമൻ സോ മിൽ (ഫോറസ്റ്റ് ഡിവിഷൻ ഓഫീസ്)

ഡി) ഡി ആൻഡ് ഓ ലൈസൻസ് ഫീ കാലികമായി പരിഷ്കരിക്കുന്നില്ല.

1998ജനുവരി 22-ലെ എച്ച്.01-6169/96നമ്പർ പ്രകാരമുള്ള ഗസറ്റ് നോട്ടിഫിക്കേഷൻ അനുസരിച്ചാണ് ഇപ്പോഴും ലൈസൻസ് ഫീ ഈടാക്കുന്നത്. 01.04.1998 മുതൽ പ്രാബല്യത്തിലുള്ള ഈ ഫീസ് നിരക്കിന് നാളിതുവരെയായിട്ടും മാറ്റം വന്നിട്ടില്ല. ടി നിരക്കുകൾ ഗ്രാമ പഞ്ചായത്തിൽ ഈടാക്കുന്നതിനേക്കാൾ വളരെ കുറവാണ്. ഉദാഹരണത്തിന് 160kva പവറുള്ള ഒരു ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള മെഷീൻ ഫീ ആയി പഞ്ചായത്തിൽ 2000 രൂപ ഈടാക്കുമ്പോൾ ഇവിടെ വെറും 200 രൂപയാണ് ഈടാക്കിയത്.

ഇ) ഡി ആൻഡ് ഓ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ അവ്യക്തത നില നിൽക്കുന്നു. രജിസ്റ്ററിൽ ലൈസൻസ് നൽകപ്പെട്ട സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തി കാണുന്നില്ല. അതിനാൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന വിഷയം പരിശോധിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു. ആയതിനാൽ ഡി ആൻഡ് ഓ രജിസ്റ്ററിൽ സ്ഥാപനത്തിന്റെ പേരും എഴുതേണ്ടതാണ്.

എഫ്) കേരളാ ഓട്ടോ മൊബൈൽസ് ലിമിറ്റഡ് എന്ന കമ്പനി 2013-14 വർഷം മുതൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അടവാക്കുന്നില്ല. 26.05.14 ലെ ഡിമാൻഡ് നോട്ടീസ് പ്രകാരം നികുതി അടക്കാൻ ആവശ്യപ്പെട്ടുവെങ്കിലും അടച്ചില്ല. തുടർന്ന് 14.10.2014 ൽ കുടിക്കാഴ്ചക്ക് ക്ഷണിക്കുകയും കുടിക്കാഴ്ചയിൽ പിഴയും ലേറ്റ് ഫീയും ഒഴിവാക്കി കൊടുക്കാൻ അപേക്ഷിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച സ്പഷ്ടീകരണത്തിനായി മുനിസിപ്പാലിറ്റി നഗര കാര്യ ഡയറക്ടറോട് ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ മറുപടി ലഭിച്ചില്ല. ചുരുക്കത്തിൽ ടി കമ്പനി 2013 -14 വർഷം മുതൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

## 2-6 <u>വിനോദ നികുതി</u>

*എ) <u>നെയ്യാർമേള - വിനോദ നികുതി ഈടാക്കുന്നതിൽ വീഴ്ച</u>*

ഓണാഘോഷത്തോടനുബന്ധിച്ച് 2015 ഓഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 10 വരെ നെയ്യാർമേള എന്ന പരിപാടിക്കായി മുനിസിപ്പാലിറ്റി സ്റ്റേഡിയം വാടകക്ക് നൽകി. ടി മേളയിൽ നിരവധി വിനോദ പരിപാടികൾ നടത്തിയിരുന്നു. എന്നാൽ വിനോദ നികുതി ഈടാക്കിയില്ല. കൂടാതെ ടി മേളയിൽ നിരവധി യന്ത്ര സാമഗ്രികൾ വിനോദത്തിനായി ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഇതിനായി ആവശ്യമുള്ള അനുമതികൾ മുനിസിപ്പാലിറ്റിയിൽ നിന്നും നൽകിയില്ല. കൂടാതെ ലൈസൻസ് ലഭിച്ചിട്ടുള്ളവരാണോ ടി മേളയിൽ യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് വിനോദ പരിപാടികൾ ചെയ്തതെന്ന് ഉറപ്പു വരുത്തിയില്ല.

ബി) കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് നടത്തുന്ന സ്ഥാപനങ്ങൾ വിനോദ നികുതിയുടെ പരിധിയിൽ വരുന്നതാണ്. എന്നാൽ നാളിതുവരെയായി വിനോദ നികുതി ഡിമാൻഡ് ചെയ്തിട്ടില്ല.

സി) വിനോദ നികുതിയുമായി ബന്ധപെട്ട്, മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്ന ശുഭ തിയേറ്ററിന്റെ ഡിസിആർ പരിശോധന കാര്യക്ഷമമായി നടക്കുന്നില്ല. എല്ലാ മാസവും ടി പരിശോധനക്കായി ചെക്കിങ് സൂപ്പർവൈസറെയും ചെക്കിങ് ഓഫീസറെയും നിയമിക്കുന്നുവെങ്കിലും ഇവർ പരിശോധനക്ക് ഹാജരാകുകയോ ഇത് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറിക്ക് സമർപ്പിക്കുകയോ ചെയ്യുന്നില്ല. 2015-16 വർഷത്തിൽ ഓഗസ്റ്റ്, ജനുവരി മാസങ്ങളിലെ ഏതാനം ചില ദിവസങ്ങൾ മാത്രമാണ് പരിശോധന നടത്തിയിട്ടുള്ളത്. പരിശോധന കാര്യക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-7 <u>മുനിസിപ്പൽ സ്റ്റേഡിയം</u>

നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള മുനിസിപ്പൽ സ്റ്റേഡിയം വിവിധ ആവശ്യങ്ങൾക്ക് ദിവസ വാടക അടിസ്ഥാനത്തിൽ വാടകക്ക് നൽകി വരുന്നുണ്ട്. സ്റ്റേഡിയത്തിന്റെ ഉപയോഗത്തിന് പ്രതിദിനം ഈടാക്കുന്ന വാടകയുടെ നിരക്ക് താഴെ പറയും പ്രകാരമാണ്.

പരമാവധി 30$m^2$ 03 ദിവസം വരെ 500 രൂപ പ്രതിദിനം

പരമാവധി 30$m^2$ 4 ദിവസം മുതൽ 10 ദിവസം വരെ 400 രൂപ പ്രതിദിനം

പരമാവധി 30$m^2$ 10 ദിവസത്തിനു മേൽ 300 രൂപ പ്രതിദിനം

പരമാവധി 100$m^2$ 03 ദിവസം വരെ 1000 രൂപ പ്രതിദിനം

പരമാവധി 100$m^2$ 04 ദിവസം മുതൽ 10 ദിവസം വരെ 800 രൂപ പ്രതിദിനം

പരമാവധി 100$m^2$ 10 ദിവസം മുതൽ 750 രൂപ പ്രതിദിനം

11.06.2008-ലെ XIV(10) മുനിസിപ്പൽ കൗൺസിൽ തീരുമാന പ്രകാരമാണ് സ്റ്റേഡിയത്തിന്റെ വാടക നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ടി തീരുമാനത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് സ്റ്റേഡിയത്തിന്റെ വാടക പുനർനിർണ്ണയിക്കേണ്ടതും സ്റ്റേഡിയത്തിൽ വിവിധ കലാ സാംസകാരിക കായിക മേളകൾ നടത്തുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുവാൻ കൂടി മുനിസിപ്പാലിറ്റി ശ്രദ്ധിക്കേണ്ടതുമാണ്. സ്റ്റേഡിയത്തിന്റെ വാടക കാലികമായി പരിഷ്കരിച്ച് മുനിസിപ്പാലിറ്റിയുടെ തനതു ഫണ്ട് വരുമാനം വർധിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി മുനിസിപ്പൽ കൗൺസിൽ സ്വീകരിക്കേണ്ടതാണ്.

## 2-8 അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശിക

നഗരസഭ ഹഡ്കോയിൽ നിന്നും വായ്പ കരസ്ഥമാക്കി നിർമ്മാണം പൂർത്തിയാക്കിയ കോംപ്ലക്സ് ആണ് അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ്. ഭീമമായ വായ്പ തുക തിരിച്ചടക്കാൻ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി 16.06.2016-നു വിളിച്ചു ചേർത്ത യോഗ നിർദേശത്തെ തുടർന്ന് അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിന്റെ ഡിസിബി തയ്യാറാക്കി സമർപ്പിക്കുന്നതിലേക്കു വേണ്ടി കുടിശിക രജിസ്റ്റർ പുതുതായി തയ്യാറാക്കിയിട്ടുണ്ടെന്നു 19.12.2016 ലെ 4/16നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത റജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയതിൽ നിന്നും കണ്ടെത്തിയ വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്റ്റാൾ നം | ഉടമയുടെ പേര് | മാസ വാടക | കുടിശ്ശിക കാലാവധി | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | BF- A9 | എഡ്വിൻരാജ് | 5815 | 09/2010 | 389605 |
| 2 | BF-A10B | എ.ടിങ്കു | 3826 | 05/2015 | 42086 |
| 3 | BF-A11(1) | പി.ദാമോദരൻ നായർ | 5260 | 05/2014 | 120980 |
| 4 | BF-A13 | എ.ടിങ്കു | 6350 | 5/2013 | 222250 |
| 5 | BF-A14(2) | സൂപ്രണ്ട് ഓഫീസ്-പോസ്റ്റ് ഓഫീസ് | 1877 | 03/2010 | 137021 |
| 6 | BF-A15 | സി.ടി.അനിൽകുമാർ | 6973 | 4/2010 | 502056 |

| | | | | | |
|---|---|---|---|---|---|
| 7 | B11 | എസ്.കെ. ബീന | 3197 | 01/2016 | 9591 |
| 8 | BF-B16 | സാംസിബോസ് | 1180 | 01/2015 | 17700 |
| 9 | BF-C1 | വി.വിജയൻ | 545 | 02/2015 | 7630 |
| 10 | BF -C2 | എൻ.ഷാജി | 450 | 09/2012 | 19350 |
| 11 | BF-C5 | സി.മോഹനൻ | 2260 | 05/2011 | 131080 |
| 12 | BF-C7 | എം.പ്രജീഷ് കുമാർ | 3740 | 11/2014 | 63580 |
| 13 | BF-D2(1) | പി.ദാമോദരൻ നായർ | 2360 | 12/2013 | 66080 |
| 14 | BF-B15(A) | സാംസിബോസ് | 1466 | 01/2015 | 21990 |
| 15 | BF-B5,B9 | മുഹമ്മദ് താഹ | 1815 | 01/2015 | 27225 |
| 16 | BF-B10 | എസ്.സുഗതൻ | 1000 | 09/2015 | 7000 |
| 17 | GF-A2 | സായ് ഇൻഫോടെക്ക് | 9742 | 3/2016 | 9742 |
| 18 | GF-A6 | മാനേജർ,<br>ആക്സിസ് ബാങ്ക് | 4468 | 11/2014 | 75956 |
| 19 | GF-A6(2) | കെ.എസ്. അനു | 5636 | 01/2016 | 16908 |
| 20 | GF-A7 | സഞ്ജയ് | 11784 | 5/2011 | 718824 |
| 21 | GF-A8 | ഷേക്സ്പിയർ | 8425 | 05/2013 | 294875 |
| 22 | GF-A13 | ഷേക്സ്പിയർ | 13179 | 01/2014 | 355833 |
| 23 | GF-A14/15(2) | ത്രിവേണി സ്റ്റോർ | 11435 | 05/2015 | 125785 |
| 24 | GF-A19 | എം. ഷാജി | 5535 | 09/2015 | 38745 |
| 25 | GF-20 | വി.സഞ്ജയ് | 2368 | 07/2014 | 49728 |
| 26 | GF-C2 | കെ.ഗോപകുമാർ | 970 | 9/2014 | 18430 |
| 27 | GF-C4 | ഷേക്സ്പിയർ | 1450 | 10/2012 | 65250 |
| 28 | GF-C5 | ദേവരാജ് | 1153 | 03/2015 | 14989 |

| | | | | | |
|---|---|---|---|---|---|
| 29 | GF-C6 | എ.ഷാജി | 6600 | 02/2016 | 13200 |
| 30 | FF-S2 | വി. ഷാൻ വർഗീസ് | 2892 | 08/2015 | 23136 |
| 31 | FF-S3 | സിജോയ്.എസ്.ബി | 1350 | LOCKED | |
| 32 | FF-S4,S5 | എൻ.എസ്.അശോക് കുമാർ | 3280(1620 +1660) | 06/2009 | 268960 |
| 33 | FF-S6(20M2) | കെ.എസ്.അന്ന | 3400 | 10/2014 | 61200 |
| 34 | FF S6(25M2) | കെ.എസ്.അന്ന | 2269 | 10/2014 | 40852 |
| 35 | FF-S6(23M2) | കെ.എസ്.അന്ന | 2420 | 10/2014 | 43560 |
| 36 | FF1 | സി. സജിത് ലൗലി | 18350 | കുടിശ്ശിക ലഭ്യമല്ല | |
| 37 | FF2 | സി. സജിത് ലൗലി | 15465 | കുടിശ്ശിക ലഭ്യമല്ല | |
| 38 | FF- OPEN SPACE | അലക്സ് ദേവ് | 500 | LOCKED | |
| 39 | SF -3 | സി.ആർ.രാജീവ് | | LOCKED | |
| ആകെ | | | | | 3755792 |

മേൽ സൂചിപ്പിച്ച വാടക കുടിശ്ശികയോടൊപ്പം സർ ചാർജ്ജും സെസും ചേർത്ത് ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നടപടി ക്രമങ്ങൾ പാലിക്കാതെയും കൗൺസിൽ തീരുമാനം മറികടന്നും ഓട്ടോ റിക്ഷാ വാങ്ങി നൽകൽ - 300000/-രൂപ തടസ്സത്തിൽ

പ്രോജക്ട് നമ്പർ : 213 /16

അടങ്കൽ : 1327088 (വികസന ഫണ്ട് - എസ്.സി.പി - 400000 + മറ്റുള്ളവ - 927088 )

ചെലവ് : എസ്.സി.പി - 400000

ബിൽ നമ്പർ : 05 /15-16 തീയതി 30.10.15 ഡി.ഡി നമ്പർ 800816/30.10.15

നെയ്യാറ്റിൻകര നഗരസഭ 2015 -16 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഓട്ടോറിക്ഷാ വാങ്ങൽ പദ്ധതിക്കായി (എസ്.സി.പി) വികസന ഫണ്ടിൽ നിന്നും 400000/-രൂപ പിൻവലിച്ച് 03.11.2015-ൽ കാനറാ

ബാങ്ക് നെയ്യാറ്റിൻകര ബ്രാഞ്ച് മാനേജർക്ക നൽകി. എട്ടു പട്ടികജാതി ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ സംരംഭമായി ഓട്ടോറിക്ഷാ വാങ്ങുന്നതിനു 50000/-രൂപ വീതം സബ്സിഡിയും ബാക്കി ബാങ്ക് വായ്പയുമാണ് പ്രൊജക്റ്റ് വിഭാവനം ചെയ്തിരുന്നത്. പ്രോജക്ടിൽ രേഖപ്പെടുത്തിയിരുന്ന പ്രകാരം കേരള ഓട്ടോമൊബൈൽസിൽ നിന്നും ഓട്ടോറിക്ഷാ വാങ്ങുന്നതിന് 29.09.2015-ൽ കൂടിയ സാധാരണ നഗരസഭാ കൗൺസിൽ 8(8) നമ്പറായി തീരുമാനിച്ചിരുന്നുവെങ്കിലും മേൽ തീരുമാനം മറികടന്നു 29.10.201-ൽ ബാലരാമപുരത്ത് പ്രവർത്തിക്കുന്ന സിദ്ധി വിനായക ഓട്ടോമൊബൈൽസുമായി പട്ടിക ജാതി വികസന ഓഫീസർ കരാർ വെച്ച് ഓട്ടോറിക്ഷയ്ക്കുള്ള സബ്സിഡി പണം ചെലവഴിക്കുകയാണുണ്ടായത്. മേൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെടും മുൻപ് ക്വട്ടേഷൻ ക്ഷണിക്കുകയോ അനുബന്ധ നടപടികൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. കൗൺസിൽ തീരുമാനം മറികടക്കാനുള്ള കാരണവും വ്യക്തമല്ല.

ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത് സബ്സിഡി വിതരണം ചെയ്യുന്നതിന് മുൻപായി ചുവടെ ചേർക്കുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന ഉറപ്പാക്കേണ്ടതായിരുന്നു.

1. പട്ടികജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം, ബാഡ്ജുള്ള ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കണം.
2. ഇതേ ആവശ്യത്തിനായി വില്ലജ് ഓഫീസിൽ നിന്നും ആറ് മാസത്തിനുള്ളിൽ കൈപ്പറ്റിയ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം.
3. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത തൊഴിൽ കാർഡിന്റെ പകർപ്പ് ഹാജരാക്കണം.
4. നഗരസഭയിൽ നിന്നും മുൻപ് സ്വയം തൊഴിൽ വായ്പാ സഹായം ലഭിച്ചിട്ടില്ലെന്ന് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടിക ജാതി വികസന ഓഫീസർ നെയ്യാറ്റിൻകര കാനറാ ബാങ്ക് മാനേജർക്ക കൈമാറിയ ലിസ്റ്റിലുള്ള 8 ഗുണഭോക്താക്കളിൽ ആറ് പേരുടെ അപേക്ഷയിൽ അപാകതകളുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗോപി.സി - ഓട്ടോറിക്ഷാ ഡ്രൈവിംഗ് ലൈസൻസ് കാലാവധി കഴിഞ്ഞത് (30.01.2009 വരെ സാധുത)

ഷാജി.എ - വരുമാന സർട്ടിഫിക്കറ്റ രണ്ടു വർഷത്തോളം പഴക്കമുള്ളത്.

ശാന്തേഷ് കുമാർ - വരുമാന സർട്ടിഫിക്കറ്റ രണ്ടു വർഷത്തോളം പഴക്കമുള്ളത്.

രാധാകൃഷ്ണൻ.എ.ആർ- അതിയന്നൂർ എസ്.സി/എസ്.ടി ഡെവലപ്മെന്റ് ഓഫീസർക്കുള്ള സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്.

പ്രവീൺ.എസ്.എൽ - ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി 04.06.2013 വരെയാണ്

ബിനു.കെ - ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി 15.04.2015 വരെ മാത്രം

ആറു പേര് മാത്രം ബാങ്ക് വായ്പ കൈപ്പറ്റിയതായി കാണിച്ച അവശേഷിച്ച 2 പേർക്കുള്ള സബ്സിഡി തുകയായ 1,00,000/- (ഡിഡി നമ്പർ 560423/071613007624/തീയതി 21.04.2016) 21.04.2016ൽ ബാങ്ക് മാനേജർ പട്ടികജാതി വികസന ഓഫീസർക്ക് മടക്കി നൽകി. പ്രസ്തുത തുക 15.06.2016ൽ മാത്രമാണ് നെയ്യാറ്റിൻകര സബ്ട്രഷറിയിൽ 3604-00-911-91 എന്ന ഹെഡിൽ ഒടുക്കു വരുത്തിയിട്ടുള്ളത്.

ബാങ്ക് വായ്പ കൈപ്പറ്റിയതായി പറയുന്ന ആറ് ഗുണഭോക്താക്കളും ഓട്ടോറിക്ഷാ വാങ്ങിയതിന്റെ ആർ സി ബുക്കിന്റെ പകർപ്പ് ഫയലിൽ ചേർത്തിട്ടില്ല.

മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ എസ്.സി.പി ഫണ്ടിൽ നിന്നും ചെലവഴിച്ച 3,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ 03/2016 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പട്ടിക ജാതി വികസന ഓഫീസർ നൽകിയ മറുപടി തൃപ്തികരമല്ല. നമ്പർ 24 /16 -നു മറുപടി ലഭിച്ചില്ല.

## 3-2 <u>പൊതുമരാമത്ത് പ്രവർത്തി- ബ്രിക്ക് വർക്കിന് അധിക തുക നല്കി-</u>

## 74,316/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

2015-16 ൽ മുനിസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ വിവരിക്കുന്ന പ്രോജക്ടുകളിൽ Brick work with common burnt clay FPS (non modular) bricks of class designation 5.0എന്ന ഐറ്റത്തിന് observed data പ്രകാരം നിരക്ക് നിശ്ചയിച്ച് നൽകിയപ്പോൾ ഫ്ലോർ ലെവൽ രണ്ടിന് മുകളിൽ ഫ്ലോർ ലെവൽ അഞ്ചിന് വരെ നല്കാവുന്ന എക്സ്ട്രാ ലേബർ നല്കിയതിലൂടെ ഘന മീറ്ററിന് 463.16രൂപ (335.61 x 1.38) നിരക്കിൽ അധികം തുക നല്കിയതായി കാണുന്നു. പ്രോജക്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നമ്പർ | പ്രോജക്ടിന്റെ പേര് | ബ്രിക് വർക്കിന്റെ അളവ് | അധികം നല്കിയിരിക്കുന്ന തുക(രൂപ) | തുക നല്കിയ ബില്ലിന്റെ വിവരങ്ങൾ | അളവ് പുസ്തകം നമ്പർ |
|---|---|---|---|---|---|
| 218/16 | ഊരുട്ടുകാല വാർഡിലെ വലിയകുളം നവീകരണം | 6.37 ഘന മീറ്റർ | 2950 | ബിൽ നം. 14/15-16 തീയതി 14/10/2015 തുക-14,90,000 | 69/15-16 |
| 220/16 | മുട്ടയ്ക്കാട് വാർഡിലെ കൈതച്ചാണിക്കുളം നവീകരണം | 2.02 ഘന മീറ്റർ | 935 | ബിൽനം.6/15-16 തീയതി 21/7/2015 തുക-14,78,000 | 4/15-16 |
| 248//16 | ഇരുമ്പിൽ വാർഡിൽ അംഗൻവാടി മെയിന്റനൻസ് | 14.64 ഘന മീറ്റർ | 6780 | ബിൽ നം. 01/15-16 തീയതി 24/06/2015 തുക-10,57,922 | 151/14-15 |
| 276/16 | മണലൂർ വാർഡിൽ 81-ാം നമ്പർ അംഗൻവാടി കുടുംബ ക്ഷേമ ഉപകേന്ദ്രം നിർമ്മാണം | 22.35 ഘന മീറ്റർ | 10351 | ബിൽ നം. 40/15-16 തീയതി 11/08/2015 തുക-8,99,284 | 30/15-16 |
| 281/16 | മേലേക്കോണം അംഗൻവാടിക്കും കമ്മ്യൂണിറ്റി ഹാളിനും ചുറ്റുമതിൽ | 25.81 ഘന മീറ്റർ | 11954 | ബിൽ നം. 62/15-16 തീയതി 12/10/2015 തുക-9.00,000 | 66/15-16 |
| 288/16 | കുളത്തുമ്മൽ വാർഡിൽ തുടർ വിദ്യാഭ്യാസ കേന്ദ്രം പുനരുദ്ധാരണം | 16.06 ഘന മീറ്റർ | 7438 | ബിൽ നം. 18/15-16 തീയതി 10/07/2015 തുക-14,00,000 | 141/14-15 |
| 293/16 | മുട്ടയ്ക്കാട് വാർഡിൽ ചേരിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 17.88 ഘന മീറ്റർ | 8281 | ബിൽ നം. 07/15-16 തീയതി 18/03/2016 | 110/14-15 |

| | | | | | |
|---|---|---|---|---|---|
| | | | | തുക-3,44,996 | |
| 295/16 | മാമ്പഴക്കര വാർഡിൽ വൃദ്ധസദനം നിർമ്മാണം (കോൺട്രാക്ടർ മുഖേന നിർവഹണം നടത്തിയ പ്രോജക്റ്റ് ആയതിനാൽ 15% COPH ഉൾപ്പെടെയുള്ള തുകയാണ് നിരാകരിച്ചിരിക്കുന്നത്) | 38.74 ഘന മീറ്റർ | 20634 | ബിൽ നം. 31/15-16 തീയതി 22/03/2016 തുക-23,40,708 | 74/15-16 |
| 321/16 | പുത്തനമ്പലം വാർഡിൽ പകൽവീടിന് കോമ്പൗണ്ട് വാൾ നിർമ്മാണം | 10.78 ഘന മീറ്റർ | 4993 | ബിൽ നം.8/15-16 തീയതി 3/8/2015 തുക-7,32,758 | 67/14-15 |
| ആകെ നിരാകരിച്ച തുക | | | 74316 | | |

ബ്രിക്ക് വർക്കിന് അധിക നിരക്ക് അനുവദിച്ചത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അധികം നല്കിയ തുക തിരിച്ചടയ്ക്കാൻ കൺവീനർക്ക് കത്ത് നല്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നല്കിയ തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും കോൺട്രാക്ടറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൺവീനർമാരിൽ നിന്നും കോൺട്രാക്ടറിൽ നിന്നും അധികം നല്കിയ തുക ഈടാക്കാൻ കഴിയാതെ വന്നാൽ മുനിസിപ്പൽ ഇഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് ഇഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 പൊതുമരാമത്ത് പ്രവൃത്തി- എർത്ത് വർക്കിന് അധിക തുക നല്കി 67,222/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

2015-2016 ൽ മുനിസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ വിവരിക്കുന്ന പ്രോജക്റ്റുകളിൽ എർത്ത് ഫില്ലിംഗ് നടത്തിയതിന് സൈറ്റിൽ ലഭ്യമായ മണ്ണ് ഉപയോഗിക്കാതെ Contractor's own earth ഉപയോഗിച്ച് ഫില്ല് ചെയ്യുന്നതിനുള്ള നിരക്ക് നല്കിയത് കാരണം 67,222രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രോജക്റ്റുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നമ്പർ | പ്രോജക്ടിന്റെ പേര് | സൈറ്റിൽ ലഭ്യമായ മണ്ണിന്റെ (excavated earth) അളവ് | എർത്ത് ഫില്ലിംഗിന്റെ അളവ് | എർത്ത് ഫില്ലിംഗിന് കുറയ്ക്കേണ്ടിയിരുന്ന അളവ് | തുക നല്കിയ ബില്ലിന്റെ വിവരങ്ങൾ | അളവ് പുസ്തകം നമ്പർ |
|---|---|---|---|---|---|---|
| 307/16 | പനങ്ങാട്ടുകര വാർഡിൽ കോരകുളം നവീകരണം | 138 ഘന മീറ്റർ | 268.07 ഘന മീറ്റർ | 138 ഘന മീറ്റർ | ബിൽ നം. 8/15-16 തുക14,95,000 വികസനഫണ്ട് | 155/14-15 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | (ജനറൽ) | |
| 327/16 | പുത്തനമ്പലം വാർഡിൽ പകൽവീടിന് കോമ്പൗണ്ട് വാൾ നിർമ്മാണം | 23.39 ഘന മീറ്റർ | 104.77 ഘന മീറ്റർ | 23.39 ഘന മീറ്റർ | ബിൽ നം.8/15-16 തീയതി 3/8/2015 തുക7,32,758 വികസനഫണ്ട് (13-ാംധനകാര്യ കമ്മിഷൻ ഗ്രാന്റ്) | 67/14-15 |
| 219//16 | പ്ലാവില വാർഡിൽ കുരക്കോട്ടു കോണം കുളം നവീകരണം | 43.43 ഘന മീറ്റർ | 60.07 ഘന മീറ്റർ | 43.43 ഘന മീറ്റർ | ബിൽ നം.8/15-16 തീയതി 10/08/2015 തുക- 9,94,903 വികസനഫണ്ട് (ലോകബാങ്ക്) | 17/15-16 |
| ലഭ്യമായ മണ്ണ് ഉപയോഗിച്ച് എർത്ത് ഫില്ല് ചെയ്യുന്നതിന് കുറയ്ക്കേണ്ടിയരുന്ന ആകെ അളവ് | | | | 204.82 ഘന മീറ്റർ | | |

കുഴിച്ചെടുത്ത മണ്ണ് എപ്രകാരം ഉപയോഗപ്പെടുത്തി എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണ് ഉപയോഗപ്രദമായിരുന്നില്ല എന്നും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ പ്രവൃത്തികളിലെല്ലാം earth work excavation നടത്തിയിരിക്കുന്നത് stone rubble masonry ചെയ്യുന്നതിന് വേണ്ടിയാണ്. ഈ മണ്ണ് ഉപയോഗപ്രദമായിരുന്നില്ല എന്ന് പ്രത്യേകം പരാമർശിച്ചിട്ടില്ലാത്തതിനാൽ excavate ചെയ്ത മണ്ണ് ഉപയോഗപ്പെടുത്തി എന്ന കരുതാം. ലഭ്യമായ മണ്ണ് ഉപയോഗിച്ച് ഒരു ഘനമീറ്റർ earth filling നടത്തുന്നതിന് 2013 DSR പ്രകാരം നല്കാവുന്ന നിരക്ക് 121.80രൂപയാണ്. എന്നാൽ 450 രൂപ നിരക്കിൽ മുഴുവൻ earth filling ന് തുക അനുവദിച്ച് നല്കിയിട്ടുണ്ട്.

ഈ പ്രവൃത്തിക്ക് അധികം നല്കിയ തുക = (450-121.80)x 204.82 = 67,222/രൂപ

മേൽ പ്രവൃത്തിക്ക് അധികം നല്കിയ 67,222/-രൂപ മുനിസിപ്പൽ ഇഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് ഇഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 കരിങ്കല്ല് പൊളിക്കുന്നതിന് അധിക തുക നല്കി-13,948 രൂപ നിരാകരിക്കുന്നു

(1) പുത്തനമ്പലം വാർഡിലെ ആര്യശാല കുളം സൈഡ് വാൾ നിർമ്മാണം എന്ന പ്രോജക്ടിൽ (പ്രോജക്ട് നം.298/16)17 ഘനമീറ്റർ stone rubble masonry demolish ചെയ്തിട്ടുണ്ട്. stone rubble masonry in cement mortar demolish ചെയ്യുന്നതിനുള്ള 975.12 രൂപ/ഘനമീറ്റർ നിരക്കിലാണ് തുക അനുവദിച്ച് നല്കിയത്. എം.ബുക്ക് നം.95/15-16 (ബിൽ നം.14/15-16 തീയതി.11.02.2016 തുക-9,98,000/-രൂപ) എസ്റ്റിമേറ്റിലോ

അളവ് പുസ്തകത്തിലോ ബില്ലിലോ സിമന്റ് ചാന്തിലുള്ള കരിങ്കല്ല് കെട്ടാണ് പൊളിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ല. മറ്റ് പല പ്രോജക്ടുകളിലും സമാന പ്രവർത്തികളിൽ ഏതു തരത്തിലുള്ള കരിങ്കല്ല് കെട്ടാണ് പൊളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ പ്രവർത്തിയിൽ stone rubble masonry demolish ചെയ്യുന്നതിനുള്ള observed data പ്രകാരമുള്ള നിരക്കായ ഘനമീറ്ററിന് 289.77രൂപ അനുവദിച്ച് നൽകേണ്ടതായിരുന്നു.

ഈ പ്രവർത്തിക്ക് അധികം അനുവദിച്ച് നല്കിയ തുക = (975.12-289.77) x17 = 11650/-രൂപ

(2)കോരകുളം സൈഡ് വാൾ നിർമ്മാണം എന്ന പ്രോജക്റ്റിൽ(പ്രോജക്റ്റ് നം.216/16) 13.5cub.m stone rubble masonry demolish ചെയ്യുന്നതിന് stone rubble masonry in lime mortar demolish ചെയ്യുന്നതിനുള്ള നിരക്കായ ഘനമീറ്ററിന് 459.96 രൂപ അനുവദിച്ച് നല്കിയിട്ടുണ്ട്. എം.ബുക്ക് നം.158/14-15 ബിൽ നം.5/15-16 തീയതി.30.06.15 തുക 1286668/-. എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും stone rubble masonry demolish ചെയ്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഈ പ്രവൃത്തിക്കും ഘനമീറ്ററിന് 289.77 രൂപ അനുവദിച്ച് നൽകേണ്ടതായിരുന്നു.

ഈ പ്രവൃത്തിക്ക് അധികം അനുവദിച്ച് നല്കിയ തുക= (459.96-289.77) x 13.5 = 2297രൂപ

ആകെ നഷ്ടം = 11650 + 2297 = 13,948രൂപ

ഈ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സിമന്റ് ചാന്തിലുള്ള കരിങ്കല്ല് കെട്ടാണ് പൊളിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. ഈ മറുപടി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്ന് വസ്തുതാ വിരുദ്ധമാണെന്ന് കാണുന്നു.

stone rubble masonry demolish ചെയ്യുന്നതിന് അധിക നിരക്ക് നല്കിയതുമൂലം ഉണ്ടായ 13,948/-രൂപയുടെ നഷ്ടം മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ഗുണഭോക്തൃ സമിതി ചെയ്ത പ്രവൃത്തിക്ക് ചെലവ് രേഖകൾ പ്രകാരം ഉള്ളതിലും അധികം തുക നല്കി- 52506 രൂപ നിരാകരിക്കുന്നു

മുട്ടയ്ക്കാട് വാർഡിൽ കുഴൽക്കിണർ നിർമ്മാണം എന്ന പ്രോജക്റ്റ് (പ്രോജക്റ്റ് നം.230/16, എം.ബുക്ക് നം.131/14-15) ഗുണഭോക്തൃ സമിതി മുഖേനയാണ് നിർവഹണം നടത്തിയിട്ടുള്ളത്. കുഴൽക്കിണർ നിർമാണത്തിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ജില്ലാ ഓഫീസർ 2,00,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നല്കി. ഗുണഭോക്തൃസമിതി ഹാജരാക്കിയിരിക്കുന്ന ചെലവ് വൗച്ചറുകൾ പ്രകാരം കുഴൽക്കിണർ കുഴിക്കുന്നതിനൊഴികെ ആകെ ചെലവ് 56,082/- രൂപയാണ്. കുഴൽക്കിണർ കുഴിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം 68,600/-രൂപ ചെലവഴിച്ചതായി കണക്കാക്കിയാൽ ആകെ അനുവദിക്കാമായിരുന്ന തുക 1,24,682/- രൂപയാണ്. എന്നാൽ ചെലവ് രേഖകൾ പരിശോധിക്കാതെ, നിർവഹണം നടത്തിയിട്ടുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് പ്രകാരം അനുവദിക്കാവുന്ന തുക അനുവദിച്ചു നല്കി. എസ്റ്റിമേറ്റ് പ്രകാരം 100മീറ്റർ 4mm submersible cableന്റെ വില12,500/-രൂപയാണ്. എന്നാൽ ഗുണഭോക്തൃ സമിതി ഹാജരാക്കിയിരിക്കുന്ന റീട്ടെയ്ൽ ഇൻവോയ്സ് പ്രകാരം 130മീറ്റർ 2.5mm cable-ന്റെ വില 9285.90രൂപയാണ്. ഈ ഇനത്തിന് എസ്റ്റിമേറ്റ് പ്രകാരമുള്ള 12,500/-രൂപയും അനുവദിച്ച് നല്കിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ പറഞ്ഞിരുന്നതിൽ നിന്നും ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ ഉപയോഗിച്ചാണ് പ്രവൃത്തി നിർവഹണം നടത്തിയിട്ടുള്ളത് എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

ഗുണഭോക്തൃ സമിതികൾ നിർവഹണം നടത്തുന്ന പ്രവൃത്തികൾക്ക് യഥാർഥത്തിൽ ചെലവാകുന്ന തുകയോ എസ്റ്റിമേറ്റ് തുകയോ ഏതാണോ കുറവ് അത് അനുവദിച്ച് നല്കേണ്ടതാണ്. ഈ പ്രവൃത്തിക്ക് നികുതികൾ ഒഴികെ 1,77,188/-രൂപ അനുവദിച്ചു നല്കിയിട്ടുണ്ട്. (ബിൽ നം.06/15-16 തീയതി 20.09.15 തുക1,90,011/-) ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അധികം നല്കിയ തുക കൺവീനറിൽ നിന്ന് തിരിച്ച് പിടിക്കാൻ വേണ്ട നടപടി സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. അധികം നല്കിയ തുകയായ 52,506/-രൂപ (1,77,188–1,24,682 = 52,506) ഗുണഭോക്തൃ സമിതിയിൽ നിന്ന് തിരിച്ച്

പിടിക്കേണ്ടതാണ്. ഗുണഭോക്തൃ സമിതിയിൽ നിന്ന് അധികം നല്കിയ തുക ഈടാക്കാൻ കഴിയാതെ വന്നാൽ മുനിസിപ്പൽ ഇഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുല്യമായി നഷ്ടം ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 കുളം നവീകരണം - നീക്കം ചെയ്ത മണ്ണ് ഉപയോഗപ്പെടുത്തിയില്ല - കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായുള്ള പ്രോജക്ടുകളിൽ കുളം നവീകരണവുമായി ബന്ധപ്പെട്ട ആറ് പ്രോജക്ടുകൾ പരിശോധിച്ചപ്പോൾ 5000 ഘന മീറ്ററിലധികം മണ്ണും അതേ അളവ് liquid mud ഉം നീക്കം ചെയ്തിട്ടുണ്ട്. നീക്കം ചെയ്ത മണ്ണും liquid mud-ഉം എപ്രകാരം ഉപയോഗപ്പെടുത്തിയെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കുളങ്ങളിൽ നിന്ന് നീക്കംചെയ്യുന്ന മണ്ണും ചെളിയും കളിമണ്ണ് ആവശ്യമുള്ള വ്യവസായങ്ങൾക്ക് ഉപയോഗമുള്ളതിനാൽ ലേലംചെയ്ത് നല്കാനുള്ള നടപടി സ്വീകരിക്കേണ്ടതായിരുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കുളങ്ങളിൽ നിന്ന് നീക്കംചെയ്ത ചെളി ചാക്കിൽ കെട്ടിയ മാലിന്യങ്ങൾ, കുപ്പികൾ മുതലായവ ആയിരുന്നുവെന്നും ആയതിനാൽ ബണ്ട് ബലപ്പെടുത്തുന്നതിനും തൊട്ടടുത്ത താഴ്ന്ന സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതിനും ഉപയോഗപ്പെടുത്തി എന്നുമാണ് അറിയിച്ചിട്ടുള്ളത്. Earth work excavation ഉം liquid mud excavation-ഉം അടക്കം ശരാശരി രണ്ട് മീറ്ററിലധികം ആഴത്തിൽ ഉണ്ടായിരുന്ന മണ്ണും ചെളിയും മുഴുവനും ചാക്കിൽ കെട്ടിയ മാലിന്യങ്ങളും കുപ്പികളും ആയിരുന്നു എന്ന് കരുതാനാവില്ല. ഓരോ കുളം നവീകരണത്തിലും നീക്കം ചെയ്ത 1000 ഘനമീറ്ററിലധികം മണ്ണ് ബണ്ട് ബലപ്പെടുത്താൻ ഉപയോഗിച്ചു എന്ന മറുപടിയും തൃപ്തികരമല്ല. ഭാവിയിൽ കുളങ്ങളിൽ നിന്ന് നീക്കം ചെയ്യുന്ന മണ്ണും ചെളിയും ലേലം ചെയ്യുന്നതിനുള്ള സാധ്യതകൾ ആരായേണ്ടതാണ്. ഈ വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 ബിറ്റുമിൻ സ്റ്റോക്കിന്റെ ഭൗതിക പരിശോധന - ബിറ്റുമിൻ അധികം സ്റ്റോക്കിലുള്ളത് സംബന്ധിച്ച്

ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പേജ് 16 പ്രകാരം ഓഡിറ്റ് സമയത്ത് 49ബാരൽ ബിറ്റുമിൻ സ്റ്റോക്കിലുണ്ട്. 23.12.2016ന് ബിറ്റുമിൻ സ്റ്റോക്കിന്റെ ഭൗതിക പരിശോധന, ബിറ്റുമിൻ സൂക്ഷിച്ചിരിക്കുന്ന PWD റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തി. ഭൗതിക പരിശോധന സമയത്ത് 55 ബാരൽ ബിറ്റുമിൻ സ്റ്റോക്കിലുണ്ടായിരുന്നു.

ഫോർട്ട് വാർഡിൽ SBT റോഡ് റീടാറിംഗ് എന്ന പ്രോജക്റ്റിന് (പ്രോജക്റ്റ് നം.131/16) 2.964MT(19 ബാരൽ) ബിറ്റുമിൻ നല്കിയതായി സ്റ്റോക്ക് രജിസ്റ്റർ 13-ാം പേജിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഈ പ്രോജക്ടിന്റെ ബില്ലിൽ നിന്ന് 2.496 MT (16ബാരൽ) ബിറ്റുമിന്റെ വില മാത്രമേ കുറച്ചിട്ടുണ്ടായിരുന്നുള്ളു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു.

ഭൗതിക പരിശോധനയിൽ സ്റ്റോക്ക് രജിസ്റ്ററിൽ ഉള്ളതിനേക്കാൾ 6ബാരൽ അധികം ബിറ്റുമിന്റെ സ്റ്റോക്കിലുണ്ടായിരുന്നതിന് വിശദീകരണം ആരാഞ്ഞപ്പോൾ മേൽ പ്രോജക്ടിൽ ബാക്കി വന്ന മൂന്ന് ബാരൽ ബിറ്റുമിൻ തിരികെ കൊണ്ടു വന്നിരുന്നുവെന്നും ആ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നും മറുപടി നല്കി. എല്ലാ പ്രവൃത്തികൾക്കും ബാരൽ കണക്കിനാണ് ബിറ്റുമിൻ നല്കുന്നതെന്നും കാൽ, അര, മുക്കാൽ ബാരൽ ബിറ്റുമിൻ നല്കാറില്ലെന്നും അതിനാലാണ് മൂന്ന് ബാരൽ ബിറ്റുമിൻ അധികമായി സ്റ്റോറിൽ ഉള്ളതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ഈ മറുപടി മുഖവിലയ്ക്കെടുത്താൽ പല ടാറിംഗ് വർക്കുകളിലും മതിയായ അളവിൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടില്ലായെന്ന് കരുതേണ്ടി വരും. പല മുനിസിപ്പാലിറ്റി റോഡുകളും റീ ടാറിംഗ് നടത്തിയിട്ടുള്ളത് ചെറിയ ദൂരത്തിലാണ്. അതിനാൽ ചെറിയ അളവിൽ ബിറ്റുമിൻ കുറച്ചു ഉപയോഗിച്ചാൽപ്പോലും റോഡിന്റെ ഗുണ നിലവാരത്തെ ഗുരുതരമായി ബാധിക്കും. ഇക്കാര്യം മുനിസിപ്പൽ കൗൺസിലിന്റെയും സാങ്കേതിക വിദഗ്ധരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. സ്റ്റോറിൽ അധികമുള്ള 6 ബാരൽ ബിറ്റുമിൻ സ്റ്റോക്കിലെടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-8 റോഡ് കോൺക്രീറ്റിംഗ് -ഗുണനിലവാരം പാലിക്കുന്നില്ല

റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:4:8 സിമന്റ് കോൺക്രീറ്റിന് പുറത്ത് 5cm കനത്തിൽ wearing coat 1:2:4 സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് DSR Code 11.7 പ്രകാരമുള്ള ഉയർന്ന നിരക്കാണ് നല്കിവരുന്നത്. ഈ ഐറ്റത്തിൽ cement, coarse sand, 4 graded stone aggragate 20mm nominal size എന്നിവ 1:2:4 അനുപാതത്തിൽ ഉപയോഗിക്കുന്നതോടൊപ്പം ഉപരിതലം finishing-ഉം ഉൾപ്പെടുന്നു. wearing coat-ന് ഇപ്രകാരം ഉയർന്ന നിരക്ക് നല്കുന്നത് ഉപരിതലത്തിൽ നിന്ന് ചല്ലി ഇളകി പോകാത്തവിധം finishing നടത്തുന്നതിനു വേണ്ടിയാണ്. എന്നാൽ ഏതാനും റോഡുകൾ സ്ഥല പരിശോധന നടത്തിയപ്പോൾ wearing coat മേൽപ്പറഞ്ഞ വിധത്തിലുള്ള ഗുണനിലവാരം പാലിക്കുന്നില്ലായെന്ന് ബോധ്യപ്പെട്ടു. പരുക്കൻ മണൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഗുണനിലവാരമുള്ള Msand ഉപയോഗിച്ച് പ്രവൃത്തികൾ നടത്തേണ്ടതാണ്. DSR11.7 പ്രകാരമുള്ള ഉയർന്ന നിരക്ക് നല്കുന്ന wearing coat നിഷ്കർഷിച്ചിരിക്കുന്ന ഗുണനിലവാരത്തിൽ ചെയ്യിക്കാൻ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്ന ഓവർസീയർമാരും പരിശോധന നടത്തുന്ന എഞ്ചിനീയർമാരും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 നടപ്പാത കോൺക്രീറ്റ് - അളവിൽ കുറവ് - 14512/- രൂപ നിരാകരിക്കുന്നു

പദ്ധതി - ഇരുമ്പിൽ പാർക്കുകളുടെ നവീകരണം

| | | |
|---|---|---|
| നമ്പർ | - | SO 246/16 |
| അടങ്കൽ | - | 400580 (വികസനഫണ്ട് ജനറൽ) |
| ചെലവ് തുക | - | 264416 (Bill no – 1/15-16/ dt 02.06.2015) |
| എം ബുക്ക് നമ്പർ | - | 152/13-14 |
| കൺവീനർ | - | വിനോദ്.റ്റി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - | മുനിസിപ്പൽ എഞ്ചിനീയർ |

മേൽ പറഞ്ഞ പദ്ധതിയിൽ നടപ്പാത കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നടപ്പാതയുടെ അളവിൽ
കുറവുള്ളതായി സ്ഥല പരിശോധനയിൽ കണ്ടെത്തി. വിശദവിവരം ചുവടെ.

*എംബുക്ക് പേജ് നമ്പർ 25,31*

1.4.8 (1Cement.4 course sand.8graded

stone aggregate 40 mm nominal size) – $1 \times 8.8 \times \frac{3.9+4.5}{2} \times .10 = 3.75$

$$1 \times 2.4 \times 3.2 \times .10 = 0.77$$

$$1 \times 1.3 \times 5.8 \times .10 = 0.75$$

$$1 \times 1.9 \times 3.0 \times .10 = 0.57$$

$$1 \times 5.3 \times \frac{1.15+1.0}{2} \times .10 = 0.81$$

$$1 \times 6.0 \times \frac{1.9+1.0}{2} \times .10 = 0.87$$

1 x 1.2 x 1.2+0.6 x .10 = 0.11

2 7.45

നൽകിയ തുക

7.45 $m^3$ @ 4897 = 36482.65 രൂപ

സ്ഥലപരിശോധനയിൽ കണ്ടത്,

1.4.8 (1Cement.4 course sand.8graded

stone aggregate 40 mm nominal size) - 1 x 8.7 x 4.10 x .10 = 3.57

1 x 4.3 x 2.7 x .10 = 1.16

1 x 5.2 x 1.9 x .10 = 0.99

5.72

നൽകാവുന്ന തുക

5.72 $m^3$ @ 4897 = 28010.84 രൂപ

അധികം നൽകിയത്

36483 – 28011 = 8472/-രൂപ

എംബുക്ക് പേജ് നമ്പർ 27,31

1.2.4 (1Cement.2 course sand.4graded

stone aggregate 20 mm nominal size ) - 1 x 8.8 x 3.9+4.5 x .05 = 1.79

2

1 x 2.4 x 3.2 x .05 = 0.38

1 x 1.3 x 5.8 x .05 = 0.38

1 x 1.9 x 3.0 x .05 = 0.29

1 x 5.3 x 1.15+1.0 x .05 = 0.40

2

1 x 6.0 x 1.9+1.0 x .05 = 0.44

2

1 x 1.2 x 1.2+0.6 x .05

= 0.05

2 3.72 $m^3$

നൽകിയ തുക

3.72 $m^3$ @ 6942 = 25824.24 രൂപ

സ്ഥലപരിശോധനയിൽ കണ്ടത്,

1.2.4(1Cement.2 course sand.4graded

stone aggregate 40 mm nominal size) - 1 x 8.7 x 4.10 x .05 = 1.78

1 x 4.3 x 2.7 x .05 = 0.58

1 x 5.2 x 1.9 x .05 = 0.49

$2.85 m^3$

*നൽകാവുന്ന തുക*

2.85 m3 @ 6942 = 19784.70 രൂപ

*അധികം നൽകിയത്*

25824.24 – 19784.24 = 6040/- രൂപ

ആകെ അധികം നൽകിയ തുകയായ 14512 രൂപ ബന്ധപ്പെട്ട കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അസിസ്റ്റന്റ് എഞ്ചിനീയറുടെയും ചെക്ക് മെഷർ ചെയ്ത മുനിസിപ്പൽ എഞ്ചിനീയറുടെയും ബാധ്യതയാകുന്നതാണ്.

## 3-10 ചുറ്റുമതിൽനിർമ്മാണം - അളവിൽ കുറവ് 14039 രൂപ നിരാകരിക്കുന്നു.

പദ്ധതി - മാമ്പഴക്കരവാർഡിൽ മേലേക്കോണം അംഗൻവാടിക്കും കമ്മ്യൂണിറ്റി ഹാളിനും ചുറ്റുമതിൽ നിർമ്മാണം

നമ്പർ - SO 281/16

അടങ്കൽ - 900000 (വികസനഫണ്ട് ജനറൽ)

ചെലവ് തുക - 900000 (Bill no – 62/15-16/ dt 12.10.2015)

എം ബുക്ക് നമ്പർ - 66/15-16

കൺവീനർ - മോഹനൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

മാമ്പഴക്കര കമ്മ്യൂണിറ്റി ഹാൾ ചുറ്റുമതിലിന്റെ വീതിയിൽ കുറവുള്ളതായി സ്ഥല പരിശോധനയിൽ കണ്ടെത്തി. വിശദവിവരം ചുവടെ.

*എം.ബുക്ക് പേജ് നമ്പർ 13*

Brick work withcommon burnt

clay F.P.S..... (wall) - 1 x 24.45 x 0.12 x 1.2 = 3.52

1 x 25.80 x 0.12 x 1.2 = 3.72

1 x 20.18 x 0.12 x 1.2 = 2.90

1 x 20.95 x 0.12 x 1.2 = 3.02

1 x 24.15 x 0.12 x 1.2 = 3.48

1 x 21.10 x 0.12 x 1.2 = 3.04

19.68

എന്നാൽ എം. ബുക്ക് പേജ് നമ്പർ 16ൽ 12mm പ്ലാസ്റ്ററിംഗ് ചുറ്റുമതിലിന്റെ ഇരു വശവും ചെയ്തതായി

രേഖപ്പെടുത്തിയിരിക്കുന്നു. അതായത് ചുറ്റുമതിലിന്റെ വീതി 0.12 (Brick)+ .024 (.012 x 2) = 0.144m ഉണ്ടാവണം, എന്നാൽ സ്ഥലപരിശോധനയിൽ പ്ലാസ്റ്ററിംഗ് ഉൾപ്പെടെ 0.12 m മാത്രമേ ചെയ്തിട്ടുള്ളൂ. ഇതു പ്രകാരം നൽകാവുന്ന തുകയുടെ വിവരം ചുവടെ.

Brick work withcommon burnt

clay F.P.S..... (wall) - 1 x 24.45 x 0.10 x 1.2 = 2.93

1 x 25.80 x 0.10 x 1.2 = 3.10

1 x 20.18 x 0.10 x 1.2 = 2.42

1 x 20.95 x 0.10 x 1.2 = 2.51

1 x 24.15 x 0.10 x 1.2 = 2.9

1 x 21.10 x 0.10 x 1.2 = 2.53

16.39

അധികം നൽകിയത് - 19.68 - 16.39 = 3.29 $m^3$ x 5031.90

= 16555/- രൂപ

അധികം നൽകിയ തുകയായ 16555/-രൂപ ബന്ധപ്പെട്ട കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അസിസ്റ്റന്റ് എഞ്ചിനീയറുടെയും ചെക്ക് മെഷർ ചെയ്ത മുനിസിപ്പൽ എഞ്ചിനീയറുടെയും ബാധ്യതയാകുന്നതാണ്.

## 3-11 മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല.

G.O(P)419/Fin/2011 dtd, 4-10-11പ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് അനുവദിച്ച മുൻകൂർ, ഉദ്ദിഷ്ടകാര്യത്തിന് ശേഷം, മൂന്നു മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. എന്നാൽ നഗരസഭയുടെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ, മൂന്നു മാസത്തി നുള്ളിൽ ക്രമീകരിക്കാത്ത മുൻകൂറുകൾ ഉള്ളതായി കണ്ടു. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നം. | ഫയൽ നം | അനുവദിച്ച മുൻകൂർ തുക | അനുവദിച്ച തീയതി, വൗച്ചർ നം. | കയ്യറ്റിയ വ്യക്തി. | ഉദ്ദേശ്യം |
|---|---|---|---|---|---|
| 1 | H1/8730/14 | 6000 | 48/13-4-15 | അജി-JHI | മരം മുറിക്കൽ |
| 2 | R2/7570/15 | 5000 | 57/12-5-15 | മധുകുമാർ-JHI | വാഹനം നന്നാക്കൽ. |
| 3 | E1/9730/14 | 15000 | 33/3-8-15 | ഷീലാമേരി, PWO-I | അനധികൃത നിർമ്മാണം. |
| 4 | E1/563/14 | 25000 | 34/3-8-15 | ഷീലാമേരി,PWO-I | അനധികൃത നിർമ്മാണം. |

| | | | | | |
|---|---|---|---|---|---|
| 5 | E3/19515/15 | 20000 | 103/18-8-15 | വിനോദ്, JHI | അംഗൻവാടി |
| 6 | | 30000 | 16/1-9-15 | ഷീലാമേരി, PWO-I | വൃദ്ധസദനം |
| 7 | | 50000 | 126/29-9-15 | ഷീലാമേരി, PWO-I | വൃദ്ധസദനം |
| 8 | H1/24015/14 | 1500 | 193/31-6-15 | വിനോദ്, JHI | മരം മുറിക്കൽ |
| 9 | E4/18079/14 | 40000 | 17/1-10-15 | ഷീലാമേരി, PWO-I | വാട്ടർ കണക്ഷൻ |
| 10 | E4/18080/14 | 15000 | 18/1-10-15 | ഷീലാമേരി, PWO-I | വാട്ടർ കണക്ഷൻ |
| 11 | R2/5994/15 | 3000 | 82/20-10-15 | വിജയകുമാർ, PWO_II | വാഹനം നന്നാക്കൽ |
| 12 | E1/26335/15 | 34958 | 82/27-11-15 | വിജയകുമാർ, PWO_II | മാർക്കറ്റ് സൈഡ്‌വാൾ |
| 13 | E2/26523/15 | 20000 | 83/27-11-15 | ഷീലാമേരി, PWO-I | അംഗൻവാടി വാട്ടർ കണക്ഷൻ |
| 14 | H1/1390/15 | 1000 | 85/27-11-15 | മധുകുമാർ- JHI | മരം മുറിക്കൽ |
| 15 | H!/24399//15 | 3000 | 104/30-11-15 | മധുകുമാർ- JHI | മരം മുറിക്കൽ |
| 16 | E2/26964/15 | 25000 | 26/30-11-15 | ക്രിസ്റ്റഫർ PWO_II | - |
| 17 | - | 33000 | 47/4-12-15 | ഷാജികുമാർ, ഡ്രൈവർ | വാഹനം നന്നാക്കൽ |
| 18 | C/337/15 | 22500 | 10/1/1/16 | രമേഷ്.T | കലണ്ടർവാങ്ങൽ |
| 19 | H1/810/16 | 5000 | 51/8-1-16 | വിനോദ്, JHI | ട്രോഫി വാങ്ങൽ |
| 20 | - | 4000 | 93/20-1-16 | ക്രിസ്റ്റഫർ PWO_II | ട്രാഫിക് ബോർഡ് |

## 3-12 ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലമെടുപ്പ്-കേസുനടത്തിപ്പ്-നഗരസഭയുടെ ഭാഗത്ത് ഗുരുതര വീഴ്ച

അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിനു വേണ്ടി ആകെ 59 ആർ സ്ഥലമെടുക്കുകയും, Land Acquisition Officer സ്ഥലം മൂന്നായി തരം തിരിച്ച് യഥാക്രമം 27571/-, 25605/-, 20052/- ആറൊന്നിന് വില കണക്കാക്കി. സബ്കോടതി ആയത് ആറൊന്നിന് 50000/- രൂപയായി ഉയർത്തി. ഹൈക്കോടതി ആയത് യഥാക്രമം 55000/-, 50000/-, 40000/- രൂപയായി ഉയർത്തി.

*1) കേസ് നം.LAR-41/93 -പരാതിക്കാരി-ഗോമതിയമ്മ.*

ശ്രീമതി.പി.ഗോമതിയമ്മയ്ക്ക് സബ്കോടതി അനുവദിച്ച 564437/-രൂപ നല്കാത്തതി നാൽ നഗരസഭ വക

ടൗൺഹാൾ Attach ചെയ്ത് സബ്കോടതി Decreeപുറപ്പെടുവിച്ചു. ഫയൽ നം.R5/18341/13-ലുള്ള 25/3/14ലെ കുറിപ്പിൽ നഗരസഭ ടി Attachment-ന് എതിരെ Counterpetition ഫയൽ ചെയ്തതായും 9/5/14-ന് ശ്രീമതി.പി.ഗോമതിയമ്മയെ കേൾക്കാൻ തീരുമാനിച്ചതായും കാണുന്നു. ടി ഫയലിൽ തുടർന്ന് രേഖപ്പെടുത്തൽ ഒന്നും ഇല്ല. "നഗരസഭയുമായി ബന്ധപ്പെട്ട നം.LAR-41/93, LAR-20/94 കേസുകളിൽ തുക അടയ്ക്കാത്ത പക്ഷം, സർക്കാർ വാഹനം ജപ്തി ചെയ്യേണ്ട സാഹചര്യമാണുള്ളത് എന്ന് ഗവ.പ്ലീഡർ വ്യക്തമാക്കി" എന്ന് രേഖപ്പെടുത്തിയ താലൂക്ക് തല Empowered Committee-യുടെ 18-9-15-ലെ യോഗ മിനിട്സിന്റെ പകർപ്പ് നഗരസഭയുടെ ഫയൽ നം.R5/18925/15ൽ ഉണ്ട്. തുടർന്ന് കളക്ടറുടെ 4-1-16-ലെ കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. പി.ഗോമതിയമ്മയ്ക്ക് 31-1-16 വരെയുള്ള Settlement അയി 641697/- രൂപ നൽകാൻ 21-3-16 ലെ കൗൺസിൽ തീരുമാനിച്ചു. DD നം 560510 dtd.27-6-16 പ്രകാരം നല്കിയ 641697 രൂപയിൽ 27-5-07 മുതൽ 31-1-16 വരെയുള്ള പിഴപ്പലിശ 278567/-രൂപ ഉൾപ്പെടുന്നു. ഫയൽ നം.R5/18341/13-ൽ യഥാസമയം നടപടി എടുത്തിരുന്നെങ്കിൽ 77260/-രൂപയുടെ (641697 – 564437) അധികച്ചെലവ് ഒഴിവാക്കാമായിരുന്നു.

*2) <u>കേസ് നമ്പർ WP(c) No : 5024 1 /2009 - ആർ ഭുവനേശ്വരി</u>*

മേൽപ്പറഞ്ഞ കേസിൽ ഹൈക്കോടതിയുടെ വിധി വന്നത് 24.07.2009 -ന ആണ്. മൂന്നു മാസത്തിനകം തുക നൽകാൻ വിധി ഉണ്ടായതിനെ തുടർന്ന് ഡെപ്യൂട്ടി കളക്ടർ (എൽ.എ ആൻഡ് എൽ.എ.ഓ) അവാർഡ് നമ്പർ എ.എസ്.6/2009 തീയതി 16.11.2009പ്രകാരം സർവ്വേ നമ്പർ 37/12 ൽപ്പെട്ട 2.43 ആർ സ്ഥലത്തിന്റെ വിലയായി ശ്രീമതി.ഭുവനേശ്വരിക്ക് 1198893/-രൂപ നൽകാൻ ഉത്തരവായി. എന്നാൽ ഇതിന്മേൽ നഗരസഭാ തുടർനടപടിയൊന്നും എടുക്കാത്തതിനാൽ 15.01.2010, 21.06.2010, 18.08.2010, 09.04.2012 എന്നീ തീയതികളിൽ റിമൈൻഡർ അയച്ചിട്ടുള്ളതായി 19.10.2013 ലെ കെ 3 -40987/2002 (2) നമ്പർ കത്തിൽ ഡെപ്യൂട്ടി കളക്ടർ അറിയിച്ചിരിക്കുന്നു.

" You will be solely responsible for further financial liability, if any occurs later on "

പ്രസ്തുത കത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ശ്രീമതി ഭുവനേശ്വരിക്ക് തുക നൽകാൻ കൗൺസിൽ തീരുമാനിച്ചിട്ടുള്ളത് 24.02.2015-ലെ തീരുമാനം നമ്പർ 6 ആയിട്ടാണെന്നു ഫയൽ നമ്പർ ആർ.5/1087/2015 പരിശോധിച്ചതിൽ ഓഡിറ്റിന് ബോധ്യപ്പെട്ടു. തുടർന്ന് ഡി.ഡി നമ്പർ 080800 തീയതി. 27.04.2015 (9 ലക്ഷം രൂപ), ഡി.ഡി നമ്പർ 080801 തീയതി.27.04.2015 (298893/-രൂപ) എന്നിവ പ്രകാരം ആകെ 1198893/- രൂപ ശ്രീമതി ഭുവനേശ്വരിക്ക് നല്കിയിട്ടുണ്ട്. ഇത്രയും കാലതാമസം വന്നിട്ടും കൂടുതൽ പിഴ പലിശ നൽകുന്നതിൽ നിന്നും നഗരസഭ ഒഴിവായത് തികച്ചും യാദൃശ്ചികം മാത്രമാണ് .

*3) <u>സുപ്രീം കോർട്ട് അപ്പീൽ നമ്പർ 146 /2007 ശ്രീമതി സുഭാഷിണി</u>*

മേൽ കേസ് സുപ്രീം കോർട്ട് ലീഗൽ സർവീസസ് കമ്മിറ്റിയുടെ പരിഗണനയിൽ ആണെന്ന് ടി കമ്മിറ്റിയുടെ 26.02.2015ലെ കത്തിനെ തുടർന്ന് നഗരസഭാ അഡ്വക്കേറ്റ് എം.ഗിരീഷ് കുമാറിനെ ചുമതല ഏൽപ്പിച്ചു. എന്നാൽ പ്രസ്തുത കേസിന്റെ ഫൈനൽ ഹിയറിങ് 24.08.2016-ന നടക്കുമ്പോൾ റിട്ടയേർഡ് ജഡ്ജ് ആയ ശ്രീ.നാഗ് മോഹൻ ദാസിനെ സീനിയർ അഡ്വക്കേറ്റായി നിയമിക്കണമെന്ന അഡ്വക്കേറ്റ് ഗിരീഷ് കുമാറിന്റെ അഭ്യർത്ഥനയെത്തുടർന്ന് 30.07.2015-ലെ കൗൺസിൽ തീരുമാനം നമ്പർ 06 പ്രകാരം ടി 2 അഡ്വക്കേറ്റുമാരുടെയും നിയമനം അംഗീകരിച്ചു. ഫൈനൽ ഹിയറിങ്ങിൽ സുപ്രീം കോടതി കേസ് തള്ളിയതിനെ തുടർന്ന് ശ്രീ. നാഗ് മോഹൻ ദാസിന് 165000/-രൂപയും ശ്രീ.ഗിരീഷ് കുമാറിന് 35000/- രൂപയും ചേർത്ത് ആകെ 2 ലക്ഷം രൂപ വക്കീൽ ഫീസ് ആയി ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.ഗിരീഷ് കുമാർ കത്ത് നൽകി. 2 ലക്ഷം രൂപ വക്കീൽ ഫീസ് നൽകാനായി നഗരസഭാ ഗവൺമെന്റിൽ നിന്നും സാധൂകരണം തേടിയിരിക്കുകയാണ്. 2007-ൽ ഫയൽ ചെയ്യപ്പെട്ട കേസിന്മേൽ ഉള്ള നടപടികൾ ഇപ്പോഴും തുടരുന്നത് നഗരസഭയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

## 3-13 <u>അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് വായ്പതിരിച്ചടവ്- പെരുകുന്ന ബാധ്യത</u>

അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി മുനിസിപ്പാലിറ്റി 1995-ൽ ഹഡ്കോയിൽ നിന്നും എടുത്ത വായ്പയും, കെ.യു.ആർ.ഡി.സി-യിൽ നിന്നും എടുത്തിട്ടുള്ള മറ്റ് വായ്പകളും ചേർത്ത് ആകെ 10,26,30,109/-രൂപയായി (ഹഡ്കോ-7,25,63,000/-, കെ.യു. ആർ.ഡി.സി- 3,00,67,109/-) നിജപ്പെടുത്തി 23-03-2001-ലെ ഒരു താല്ക്കാലിക ഉടമ്പടി പ്രകാരം കെ.യു.ആർ.ഡി.സി ലിമി. ഏറ്റെടുത്തിട്ടുണ്ട്. വികസന ഫണ്ടും, തനത് ഫണ്ടും ഉപയോഗിച്ച് നാളിതുവരെ 9,01,19,792/-രൂപ നഗരസഭ തിരിച്ചടച്ചിട്ടുണ്ട്. 2015-16-ൽ ഇനി തിരിച്ചടയ്ക്കാനുള്ള വായ്പ കുടിശ്ശിക 46,93,50,993/- രൂപയായാണ് കെ.യു.ആർ.ഡി.സി ലിമി. കണക്കാക്കിയിരിക്കുന്നത്.

06.08.2016-ൽ ത.സ്വ.ഭ.വ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തനത്ഫണ്ടും, വികസനഫണ്ടും ഉപയോഗിച്ച് ഇനി മേലിൽ വായ്പ തിരിച്ചടയ്ക്കാൻ പാടില്ലായെന്നും, എല്ലാമാസവും വാടക കൃത്യമായി പിരിച്ചെടുത്ത് വേണം ആയത് തിരിച്ചടയ്ക്കേണ്ടതെന്നും, മുനിസിപ്പൽ സെക്രട്ടറിക്കും, കെ.യു.ആർ.ഡി.സി ലിമി. എം.ഡിക്കും മാത്രം ഓപ്പറേറ്റ് ചെയ്യാവുന്ന ഒരു ജോയിന്റ് അക്കൗണ്ടിൽ പിരിച്ചെടുത്ത വാടക നിക്ഷേപിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരിക്കുന്നു.

അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിൽ ഓപ്പൺ സ്പേസ് അനുവദിച്ചുൾപ്പെടെ ആകെ 142 കടമുറികളുള്ളതിൽ നഗരസഭ വിവിധകാലയളവുകളിൽ പൂട്ടി സീൽചെയ്ത 12 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. 2015-16-ൽ കടമുറികളുടെ വാടകയിനത്തിൽ 67,79,135/-രൂപയും വാടക കുടിശ്ശികയിനത്തിൽ 55,24,345/-രൂപയും ഉൾപ്പെടെ ആകെ 1,23,03,480/-രൂപ പിരിച്ചെടുക്കാനുണ്ടായി രുന്നെങ്കിലും 29,63,237/-രൂപ മാത്രമാണ് പിരിച്ചെടുത്തിരിക്കുന്നത്. ലഭിക്കാനുള്ള വാടക, കുടിശ്ശിക ഉൾപ്പെടെ അടിയന്തിരമായി പിരിച്ചെടുത്ത് വായ്പ കുടിശ്ശിക തിരിച്ചടയ്ക്കാനുള്ള ഊർജ്ജിത നടപടി കൈക്കൊള്ളേണ്ടതാണ്.

## 3-14 ജീവനക്കാർക്ക് എസ്.എൽ.ഐ/ജി.ഐ.എസ് പദ്ധതിയിൽ അംഗത്വമില്ല

കെ.എസ്.ആർ.ഭാഗം-I, ചട്ടം 22 A, Bചട്ടം 31-നുള്ള കുറിപ്പ് എന്നിവ പ്രകാരം പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ഒരാൾ GIS, SLI എന്നിവയിൽ അംഗത്വം എടുക്കാത്ത പക്ഷം, അയാൾക്ക് ആദ്യത്തെ ഇൻക്രിമെന്റിന് അർഹതയില്ല. മാത്രമല്ല, ശമ്പള വർദ്ധനവിന് ആനുപാതികമായി, പോളിസി തുകയിൽ വർദ്ധന വരുത്തതേണ്ടതുമാണ്. എന്നാൽ നഗരസഭാ ജീവനക്കാരുടെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ, റഗുലർ, കണ്ടിജന്റ് ജീവനക്കാർ GIS, SLI എന്നിവയിൽ അംഗത്വം എടുക്കാത്തവരോ ശമ്പളത്തോതിന് ആനുപാതികമായി, പോളിസി തുകയിൽ വർദ്ധന വരുത്താത്തവരോ ആണെന്നു കണ്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/തസ്തിക | അടിസ്ഥാന ശമ്പളം | SLI | | GIS | |
|---|---|---|---|---|---|---|
| | | | അടയ്ക്കേണ്ട പോളിസി തുക | അടയ്ക്കുന്ന പോളിസി തുക | അടയ്ക്കേണ്ട പോളിസി തുക | അടയ്ക്കുന്ന പോളിസി തുക |
| 1 | E.Vincent | 24660 | 375 | - | 250 | |
| 2 | T.Vijayakumary Senior Clerk | 20240 | 375 | 175 | 250 | - |
| 3 | Girija.A, Senior Clerk | 15780 | 225 | - | 200 | - |
| 4 | Girija.T, Senior Clerk | 14620 | 225 | 175 | 200 | - |
| 5 | PrakashKumar, Senior Clerk | 14980 | 225 | - | 200 | - |

| | | | | | | |
|---|---|---|---|---|---|---|
| 6 | VimalaStephen Senior Clerk | 14620 | 225 | 175 | 200 | - |
| 7 | Vasantha.S., Senior Clerk | 14620 | 225 | 175 | 200 | - |
| 8 | D.N.Beena, Senior Clerk | 14620 | 225 | 175 | 200 | - |
| 9 | UshaKumary.T. Senior Clerk | 14260 | 225 | 175 | 200 | - |
| 10 | JalajaKumary, Senior Clerk | 14260 | 225 | 175 | 200 | 10 |
| 11 | Binitha.C, Senior Clerk | 14260 | 225 | - | 200 | - |
| 12 | Jency Joseph, Senior Clerk | 14980 | 225 | 250 | 200 | |
| 13 | S.Mohanan Nair, Duffedar | 18300 | 225 | 175 | 200 | 10 |
| 14 | D.Sasi, O.A | 14758+ 355 PP | 225 | 175 | 200 | 10 |
| 15 | Divya.P.Dev, Clerk | 11020 | 225 | - | 200 | - |
| 16 | JyothishMithra.T.V. L.DTypist | 9940 | 225 | - | 200 | - |
| 17 | SandhyaRani.S, Typist | 9940 | 225 | - | 200 | - |
| 18 | I.Vijayan, O.A | 14260+ 1350 PP | 225 | 175 | 200 | - |
| 19 | S.Rajeshkumar | 14260 | 225 | 175 | 200 | - |
| 20 | Sajish.M,L | 10210 | 225 | - | 200 | - |
| 21 | L.Ajitha, O.A | 8960 | 150 | - | 150 | - |
| 22 | SunilRaj.N. Superintendent | 21800 | 375 | - | 250 | - |

| | | | | | | |
|---|---|---|---|---|---|---|
| 23 | Gayathry.P, RI | 20740 | 375 | - | 250 | |
| 24 | A.B VijayaKumar HeadClerk | 19240 | 375 | - | 250 | |
| 25 | H.Jayaraj.B.C | 13210 | 225 | 175 | 200 | |
| 26 | T.Ramesh,Clerk | 11920 | 225 | 175 | 200 | - |
| 26 | Rajesh.R Clerk | 11320 | 225 | 175 | 200 | |
| 27 | AmithabJohn B.C. | 10210 | 225 | - | 200 | |
| 28 | Divya.S.Nair B.C | 10210 | 225 | 500 | 200 | - |
| 29 | Jayalekshmy.P,.B.C | 10210 | 225 | 500 | 200 | - |
| 30 | Princy.G.T,B.C. | 10210 | 225 | 500 | 200 | - |
| 31 | REEtha.S.B.C | 10210 | 225 | - | 200 | - |
| 32 | MariyaRemani,Clerk | 10210 | 225 | - | 200 | - |
| 33 | BinuMuhammed.S. | 11020 | 225 | - | 200 | - |
| 34 | Anu.C.G,Clerk | 11020 | 225 | - | 200 | - |
| 35 | K.Chandran Health Supervisor | 28500 | 375 | - | 250 | |
| 36 | D.Satheesh, HIGr.II | 21800 | 375 | - | 250 | |
| 37 | K.M.Annamma, NST | 23480 | 375 | - | 250 | |
| 38 | SreelathaDevi.S, JPHN | 19240 | 375 | - | 250 | |
| 39 | Madhukumar.M. JHI | 17860 | 225 | - | 200 | |
| 40 | SheelaShine P, JPHN | 14260 | 225 | - | 200 | |
| 41 | Vinodkumar.G.V. JHI | 12880 | 225 | - | 200 | |
| 42 | Aji.R. JHI | 11920 | 225 | - | 200 | |
| 43 | I.Kumar, JHI | 11920 | 225 | - | 200 | |
| 44 | Shijukumar.K, Driver | 9440 | 225 | - | 200 | |
| 45 | Jayalal.J. Driver | 12880 | 225 | 175 | 200 | |
| 46 | M.S.AsokaKumar. HI | 26520 | 375 | - | 250 | |
| 47 | RaniLekshmiBai.R., Sr.Clerk | 14620 | 225 | - | 200 | |

| | | | | | | |
|---|---|---|---|---|---|---|
| 48 | JayaPrathibha,G.V.LDT | 10210 | 225 | - | 150 | |
| 49 | M.Venu, Supdt | 19240 | 375 | - | 250 | 10 |
| 50 | Lijoy, JHI | 11620 | 225 | | 200 | 10 |
| 51 | H.Raju, Sanitary Worker | 18064 | 225 | | 200 | 10 |
| 52 | H.Thampy, Sanitary Worker | 18064 | 225 | | 200 | 10 |
| 53 | L,Sasikumar, Sanitary Worker | 18064 | 225 | | 200 | 10 |
| 54 | K.Sasi , Sanitary Worker | 16420 | 225 | | 200 | 10 |
| 55 | S.Babu, Sanitary Worker | 14980 | 225 | | 200 | 10 |
| 56 | J.Raju, Sanitary Worker | 16000 | 225 | | 200 | 10 |
| 57 | J.Vasantha, Sanitary Worker | 12880 | 225 | | 200 | |
| 58 | D.Sundaran, Sanitary Worker | 12550 | 225 | | 200 | |
| 59 | P.Vijayan,Sanitary Worker | 12550 | 225 | | 200 | |
| 60 | P.Chandran,Sanitary Worker | 12550 | 225 | | 200 | |
| 61 | P.Stephen, Sanitary Worker | 12550 | 225 | | 200 | |
| 62 | J.Vijayan,Sanitary Worker | 11920 | 225 | | 200 | |
| 63 | J.Babu, Sanitary Worker | 11920 | 225 | | 200 | |
| 64 | T.RajuSanitary Worker | 11020 | 225 | | 200 | |
| 65 | N.Kollappan, Sanitary Worker | 10480 | 225 | | 200 | |
| 66 | D.Mohanan, | 10480 | 225 | | 200 | |

| | | | | | | |
|---|---|---|---|---|---|---|
| | Sanitary Worker | | | | | |
| 67 | C.Appu,Sanitary Worker | 8730 | 150 | | 150 | |
| 68 | P.Sasidharan, Sanitary Worker | 8730 | 150 | | 150 | |
| 69 | S.Crispin, SanitaryWorker | 8730 | 150 | | 150 | |
| 70 | T.Sunny, Sanitary Worker | 8730 | 150 | | 150 | |
| 71 | S.Mohan, Sanitary Worker | 8730 | 150 | | 150 | |
| 72 | P.Manian, SanitaryWorker | 8730 | 150 | | 150 | |
| 73 | V.Ramesan Sanitary Worker | 8730 | 150 | | 150 | |
| 74 | V.Velappan Sanitary Worker | 8730 | 150 | | 150 | |

**3-15 ശുചീകരണ സാമഗ്രികൾ വിതരണം ചെയ്തില്ല- 450000/-രൂപ തടസ്സം ചെയ്യുന്നു.**

പ്രോജക്റ്റ് നം - SO-205/16,SO-154/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് സൂപ്പർവൈസർ

തുക - 625178

ബിൽ നം - 23/15-16 തീയതി-26-3-16

1. ശുചീകരണ ഉപകരണങ്ങൾ വാങ്ങുന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി, 30 'Pushcart with plastic box', Raidcoയിൽ നിന്ന് വാങ്ങിയിട്ടുണ്ട്.Stock Register, പേജ് 4-ൽ ടി വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ആരും സാക്ഷ്യപ്പെടത്തിയിട്ടില്ല. വാങ്ങിയവയിൽ ഒരെണ്ണം പോലും ഉപയോഗിക്കാതെ നഗരസഭ വക AKSHAYA FOOD product-ന്റെ കെട്ടിടത്തിൽ കൂട്ടിയിട്ടിരിക്കുന്നതായി ഭൗതിക പരിശോധനയിൽ കണ്ടു. ഈ വിധത്തിൽ ഉപകരണത്തിന്റെ ആവശ്യകത ബോധ്യപ്പെടാതെ, പണം ചെലവഴിച്ചത് പാഴ്ച്ചെലവായി പരിണമിച്ചു.
2. ടി പ്രോജക്ടിൽ ഉൾപ്പെടുത്തി 93000/-രൂപ ചെലവഴിച്ച് (30x3100) 30 Wheel Barrow Raidco-യിൽ നിന്ന് വാങ്ങിയിട്ടുണ്ട്. Stock Register പേജ് 6 പ്രകാരം, 12 എണ്ണം വിനിയോഗിച്ചു. ബാക്കി, 18 ഉപയോഗിക്കാതെ, നഗരസഭ വക AKSHAYA FOOD products-ന്റെ കെട്ടിടത്തിൽ കൂട്ടിയിട്ടിരിക്കുന്നതായി ഭൗതിക പരിശോനയിൽ കണ്ടു.
3. 85800രൂപ ചെലവഴിച്ച് വാങ്ങിയ 6600 കൊതുക് വലകളിൽ 2000 എണ്ണം വിതരണം ചെയ്യാതെ അവശേഷിക്കുന്നു. ഇവയുടെ വിനിയോഗ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-16 ഭവന നിർമ്മാണം (എസ്.സി.പി)-അംഗീകാരം ലഭിച്ചതിനനുസരിച്ചല്ല പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

പ്രോജക്റ്റ് നം. - 88/15-16 (ഭവന നിർമ്മാണം (എസ്.സി.പി))

നിർവ്വഹണോദ്യോഗസ്ഥൻ - എസ്.സി.ഡി.ഒ

അടങ്കൽ - 99,00,000/- (വികസന ഫണ്ട് (എസ്.സി.പി)

ചെലവ് - 96,30,000/-

ബിൽ നം. - 1. NM/06/2015-16 തീയതി. 28.11.2015 (9,00,000/-)

2. NM/11/2015-16 തീയതി. 21.01.2016 (27,00,000/-)

3. NM/15/2015-16 തീയതി. 17.03.2016 (14,40,000/-)

4. NM/17/2015-16 തീയതി. 19.03.2016 (12,00,000/-)

5. NM/21/2015-16 തീയതി. 28.03.2016 (15,00,000/-)

6. NM/23/2015-16 തീയതി. 31.03.2016 (18,90,000/-)

33 ഗുണഭോക്താക്കൾക്ക് 3,00,000/-രൂപ വീതം ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ നിർമ്മാണപുരോഗതി പരിശോധിച്ച് 5 ഗഡുക്കളായി ധനസഹായം വിതരണം ചെയ്യണമെന്നും, തുക ഭർത്താവിന്റേയും ഭാര്യയുടേയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഇതിന് വിരുദ്ധമായി 50 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയിരിക്കുന്നത്. ഗഡുക്കൾ ഡി.ഡി.യായാണ് വിതരണം ചെയ്തിരിക്കുന്നത്. ഓരോ ഘട്ടത്തിലേയും നിർമ്മാണ പുരോഗതി വിലയിരുത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല. ആയത് ക്രമവിരുദ്ധവും, പദ്ധതിമാർഗ്ഗരേഖയ്ക്ക് വിരുദ്ധവുമാണ്. ധനസഹായം നൽകിയിരിക്കുന്ന 50 ഗുണഭോക്താക്കളിൽ 38 പേർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇതിൽ 4 പേർ 2 ഗഡുക്കൾ മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ഡി.ഡി. നം. |
|---|---|---|
| കല.ബി, ആമ്പാടി, ഗാന്ധി നഗർ, വഴൂർ | 1,20,000/- (2 ഗഡു) | 736653/28.05.2016, 737855/31.03.2016 |
| മുകേഷ്.വി, ഉണ്ടത്തട്ട് വാവുവിള പുതുവൽ പുത്തൻവീട്, ആറാലുംമൂട് | 1,20,000/- (2 ഗഡു) | 736644/28.03.2016, 737846/31.03.2016 |
| രഞ്ജിനി.ആർ, കടയറവീട്, കാഞ്ഞിരംവിള, പഴിഞ്ഞിക്കുഴി | 1,20,000/- (2 ഗഡു) | 801699/30.11.2015, 012248/21.01.2016 |
| വിലാസിനി.റ്റി, വളകുളം കുഴിവിളവീട്, ഇരുമ്പിൽ, അരുവിപ്പുറം | 1,20,000/- (2 ഗഡു) | 801700/30.11.2015, 012249/21.01.2016 |

മേൽ വസ്തുതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികതുക ചെലവഴിക്കാതെ അവശേഷിക്കുന്ന സാഹചര്യം ഉണ്ടാകുകയും, ഭവനരഹിതരായ ധാരാളം ആൾക്കാർക്ക് ധനസഹായം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കാനാണ് അംഗീകാരം ലഭിച്ചതിൽ നിന്നും അധികമായി 17 പേർക്ക് കൂടി അനുവദിച്ചതെന്നും, ഉടൻതന്നെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി ബാക്കി ഗഡുക്കൾ കൈപ്പറ്റാൻ അറിയിപ്പ് നൽകുന്നതാണെന്നും മറുപടി നൽകിയിരിക്കുന്നു.

ജി.ഒ.(പി)177/2006 ധന തീയതി.12.04.2006 സർക്കാർ ഉത്തരവിൽ ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ലാത്തതും, ഓരോമാസവും അവസാനം 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ഡി.ഡി തുകകൾ ട്രഷറി ചലാൻ മുഖേന തിരിച്ചടയ്ക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ഡി.ഡി. രജിസ്റ്റർ പരിശോധിച്ചതിൽ 21.01.2016-ൽ മാറിയ 27,00,000/- രൂപയിൽ 90,000/- രൂപയും, 31.03.2016-ൽ മാറിയ 18,90,000/- രൂപയിൽ 3,30,000/- രൂപയും വിതരണം ചെയ്തതായി കാണുന്നില്ല. അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത തുക ഏകദേശം 7 മാസത്തിനുശേഷമാണ് വിതരണം ചെയ്തിരിക്കുന്നതെന്ന് കാണുന്നു. വിശദാംശം ചേർക്കുന്നു.

| പേര്, മേൽവിലാസം | ഡി.ഡി. നം/തീയതി (തുക) | അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം തുക കൈപ്പറ്റി യിരിക്കുന്ന തീയതി |
|---|---|---|
| സുശീല.ആർ, വാറുതട്ട് പുത്തൻവീട്, മര്യതത്തൂർ | 012236/21.01.2016 (90,000/- രൂപ) | 18.08.2016 |
| ലത, താഴത്തെ കോട്ടൂർ, മാവുവിള, പെരുമ്പഴുതൂർ | 737853/31.03.2016 (90,000/- രൂപ) | 19.10.2016 |
| കല.ബി, ആമ്പാടി, ഗാന്ധിനഗർ, വഴൂർ | 737855/31.03.2016 (90,000/- രൂപ) | 03.10.2016 |
| ഗിരിജകുമാരി.കെ, കുറ്റംപാലമേലെ റോഡരികത്ത് വീട്, പെരുമ്പഴുതൂർ | 737858/31.03.2016 (60,000/- രൂപ) | 22.11.2016 |

ഈ നടപടി മേൽ സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധചെലുത്തേണ്ടതാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-17 പെൻഷൻ ആനുകൂല്യങ്ങൾക്ക് കാലതാമസം

നഗരസഭയിൽ നിന്നും കഴിഞ്ഞ വർഷങ്ങളിൽ വിരമിച്ച ജീവനക്കാർക്ക് ഡി.സി. ആർ.ജി, കമ്മ്യൂട്ടേഷൻ എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം നേരിടുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 15-16സാമ്പത്തിക വർഷം വരെ 12443981/- രൂപ അടയ്ക്കാൻ ബാക്കി നിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കാരണം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/16 നുള്ള മറുപടിയിൽ പറയുന്നത്, പെൻഷൻ വിതരണം ചെയ്ത വകയിൽ സർക്കാരിൽനിന്നും കിട്ടാനുള്ള 5.25 കോടി രൂപ കിട്ടാത്തതിനാലാണ് പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കാത്തത് എന്നാണ്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധി ച്ചതിൽ, റഗുലർ വിഭാഗത്തിൽ 31പേർക്കും കണ്ടിജന്റ് വിഭാഗത്തിൽ 38 പേർക്കും പെൻഷൻ നൽകി വരുന്നു. ഈയിനത്തിൽ പ്രതിമാസം 891889/-രൂപ നഗരസഭയിൽ നിന്നും ചെലവാകുന്നു. പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നതിൽ മുടക്കം വന്നതിനെ തുടർന്ന്, തത്ക്കാലം നഗരസഭാ ഫണ്ടിൽ നിന്നും പെൻഷൻ വിതരണം നടത്താൻ നിർദ്ദേശം ലഭിച്ചതിനാലാണ് പെൻഷൻ നൽകിവരുന്നത്. എന്നാൽ ഇത് തുടരാനാകാത്ത സ്ഥിതിയാണ് നഗരസഭയിലുള്ളതെന്ന് എൻക്വയറിക്ക് മറുപടിയായി അറിയിച്ചു. കഴിഞ്ഞ വർഷങ്ങളിൽ വിരമിച്ച പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാനുള്ളവരുടെ വിവരം ചുവടെ.

*റഗുലർ വിഭാഗം*

| പേര്, തസ്തിക | വിരമിച്ച തീയതി | നൽകേണ്ട തുക | |
|---|---|---|---|
| ശ്രീ.ചന്ദ്രൻ.കെ, HS | 31.05.2015 | 453779 | DCRG+COMMUTATION |
| ശ്രീമതി.വിജയകുമാരി.റ്റി, Librarian | 31.05.2015 | 100000 | DCRG+COMMUTATION |
| ബി.എം.ബിന്ദുലേഖ,<br>W/O ശ്രീ.പ്രഭാത്, OA | 23.01.2014<br>(Death) | 443897 | DCRG+COMMUTATION |
| ശ്രീ.കെ.എൻ.രാധാകൃഷ്ണൻനായർ, HS | 31.05.16 | 47245 | DCRG+COMMUTATION |
| ശ്രീമതി.സി.ബേബി W/O<br>ശ്രീ.പി.ബാലകൃഷ്ണപിള്ള, | -- | 190130 | DCRG+COMMUTATION |
| ജെ.ശാരദW/Oശ്രീ.വി.സഹദേവൻ | -- | 32627 | DCRG+COMMUTATION |
| ശ്രീ.മനോഹരൻ.എസ്. Daffedar | 31.05.2016 | 1874432 | DCRG+COMMUTATION+<br>Pension Arrear |
| Total | | 3142110 | |

*കണ്ടിജന്റ് വിഭാഗം*

| പേര്, തസ്തിക | വിരമിച്ച തീയതി | നൽകേണ്ട തുക | |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ജെ. വസന്ത | 30.11.2015 | 100000 | DCRG+COMMUTATION |
| ശ്രീ.എച്ച്.രാജു | 30.04.2016 | 1015361 | DCRG+COMMUTATION |
| Total | | 1115361 | |

തനതു ഫണ്ട് വരുമാനം ഉപയോഗിച്ച് പെൻഷൻ നൽകിയതിലൂടെ, സർക്കാരിൽ നിന്നും ലഭിക്കാനുള്ള പെൻഷൻ ഫണ്ട് തുക കുടിശ്ശികയായതിനാൽ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ സാധിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല കുടിശ്ശിക തുകയുടെ വിവരങ്ങൾ സാംഖ്യയിലുൾപ്പടുത്തേണ്ടതുമാണ്.

*രജിസ്റ്റർ*

റഗുലർ, കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ വരവ്, ചെലവ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-18 പ്രവർത്തനമില്ലാതെ കെട്ടിടങ്ങൾ

2015-16 സാമ്പത്തിക വർഷം പണി പൂർത്തിയാക്കിയ വൃദ്ധസദനം, പകൽവീട്, എന്നിവ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കൂടാതെ വനിതാ ഹോസ്റ്റൽ, അക്ഷയ ഫുഡ് പ്രോഡക്ട്സ്, തൊഴുക്കൽ എന്നീ സ്ഥാപനങ്ങളും പ്രവർത്തനമില്ലാതെ പൂട്ടിക്കിടക്കുന്നതായി സ്ഥല പരിശോധനയിൽ കണ്ടെത്തി. നഗരസഭാ ഉടമസ്ഥതയിലുള്ള ടെക്നോളജി ആന്റ് മാനേജ്മെന്റ് കോറിഡോർ എന്ന സ്ഥാപനത്തിന്റെ വളപ്പിൽ പാർക്കു ചെയ്തിരിക്കുന്ന നാല് വാഹനങ്ങൾ (നഗരസഭയുടെ പേര് രേഖപ്പെടുത്തിയ 3 ലോറികൾ, ഒരു ആട്ടോറിക്ഷ) ഉപയോഗശൂന്യമായ അവസ്ഥയിലാണ്. നഗരസഭയുടെ ആസ്തികൾ ഉപയോഗി ക്കാതെ ഇത്തരത്തിൽ സൂക്ഷിച്ചിരിക്കുന്നതിനുള്ള കാരണം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത്, ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുവെന്നാണ്. പണി പൂർത്തിയാക്കിയ കെട്ടിടങ്ങളിൽ പ്രവർത്തന മാരംഭിക്കുന്നതിനും ലേല നടപടികൾ ത്വരിതപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

*വൃദ്ധസദനം - അപാകത*

2015-16 ൽ പണി തീർത്ത വൃദ്ധസദനത്തോടൊപ്പം ബാത്ത് റൂം, ടോയിലറ്റ് എന്നിവ പണി കഴിപ്പിച്ചിരിക്കുന്നത് കെട്ടിടത്തിന്റെ താഴത്തെ നിലയിലാണ്. ഇവിടേക്കുള്ള റാമ്പ് നിർമ്മിച്ചിരിക്കുന്നത് അശാസ്ത്രീയമായാണ്. പ്രായമായവർക്ക് നടന്നെത്താൻ ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിലാണ് ഇതിന്റെ നിർമ്മാണം നടത്തിയിരിക്കുന്നത്. കെട്ടിടത്തോട് ചേർന്ന് അതേ നിലയിൽ ഇതിനുള്ള സൗകര്യം ക്രമീകരിക്കുന്നത് ഉചിതമായിരിക്കും .

## 3-19 വാർദ്ധക്യകാല പെൻഷൻ - 60 വയസ്സ് തികയാത്തവർക്കും പെൻഷൻ

സർക്കാർ ഉത്തരവ് അനുസരിച്ചു 60 വയസ്സ് പൂർത്തിയായവർക്കു മാത്രമാണ് വാർധക്യകാല പെൻഷന് അർഹത. എന്നാൽ മുനിസിപ്പാലിറ്റിയിൽ പെൻഷൻ അനുവദിച്ചിരിക്കുന്നത് മെഡിക്കൽ സർട്ടിഫിക്കറ്റിലെ വയസ്സ് അനുസരിച്ചാണ്. ആധാർ, വോട്ടർ ഐഡി എന്നിവയിൽ വയസ്സ് സംബന്ധിച്ച രേഖകൾ ഉണ്ടെങ്കിലും അത് പരിഗണിക്കാതെ മെഡിക്കൽ സർട്ടിഫിക്കറ്റിലെ വയസ്സിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ചിരിക്കുന്നു. ഇത് കാരണം ഔദ്യോഗികമായി 60 വയസ്സ് തികയാത്തവർക്കും പെൻഷൻ അനുവദിച്ചു. ആധാർ, വോട്ടർ ഐഡി തുടങ്ങിയ സർക്കാർ രേഖകളുടെ അടിസ്ഥാനത്തിൽ വയസ്സ് കണക്കാക്കേണ്ടതാണ്.

| ക്രമ നം | പേര് | ഫയൽ നം. | ആധാറിലെ വർഷം | വോട്ടർ ഐഡി (01.01.1997) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശാന്തകുമാരി | 16365 /15 | 1957 | |
| 2 | ലീല എൽ | 17129 /15 | 1956 | |
| 3 | ശ്രീകുമാർകെ | 16727/15 | 1964 | 39 |
| 4 | ജസ്‌ലെറ്റ് ജെ | 16716/15 | 1956 | 40 |
| 5 | ശാന്തകുമാരി | 16567/15 | 150 | 39 |
| 6 | മൈതീൻ | 15706/15 | 1957 | |
| 7 | രമണൻ | 15355 /15 | 1961 | 37 |
| 8 | തങ്കം | 15289 /15 | 1960 | 38 |
| 9 | നിർമ്മല | 15184 /15 | 1956 | 39 |

## 3-20 മരുന്ന് വാങ്ങി നൽകൽ - നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചില്ല

പ്രോജക്ട് നമ്പർ - എസ് 0005 /16

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ( അലോപ്പതി)

ബിൽ നമ്പർ - 06/15 -16 തീയതി 29.02.2016

പി.എച്ച്.സി. യിലേക്ക് മരുന്ന് വാങ്ങി നല്കുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. സർക്കാർ ഉത്തരവ് പ്രകാരം പ്ലാൻ ഫണ്ട് ഉപയോഗിച്ച് മരുന്ന് വാങ്ങി നൽകുന്നതിന് മുൻപായി ബന്ധപ്പെട്ട അധികൃതരിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. എന്നാൽ ഇവിടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ 29.02.2016-ൽ 125000/-രൂപയുടെ ഡി.ഡി എടുക്കുകയും അത് KMSCL-ന കൈമാറുകയും ചെയ്തു. എന്നാൽ 20.09.16, 14.12.16 എന്നീ തീയതികളിലെ ബില്ലുകൾ പ്രകാരം ആകെ 72619/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.7) മറുപടി ലഭിച്ചെങ്കിലും മറുപടി തൃപ്തികരമല്ല. ആയതിനാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ മരുന്ന് വാങ്ങിയ നടപടി സർക്കാർമാർഗ്ഗ നിർദ്ദേശങ്ങൾക്കെതിരാണ്. കൂടാതെ 60119/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. ഈ രണ്ടു കാരണങ്ങളാൽ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച 125000/-രൂപ തടസ്സപ്പെടുത്തുന്നു

## 3-21 പാലിയേറ്റീവ് കെയർ

പ്രോജക്ട് നമ്പർ - എസ് 0006/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (അലോപ്പതി)

ബിൽ നം -1/15 തീയതി 11.09.2015, തുക-50000/-

ബിൽ നം- 2/15 തീയതി 30.09.2015, തുക-113250/-

ബിൽ നം- 5/15 തീയതി 24.02.2016, തുക-810000/-

ബിൽ നം -8/16 തീയതി 11.12.2015, തുക-169000/-

എല്ലാ മുനിസിപ്പാലിറ്റികളും അനിവാര്യമായും നടത്തേണ്ട പ്രോജക്ടാണ് പാലിയേറ്റിവ് കെയർ. ഇതിനായി

2015-16 വർഷത്തിൽ 1142250/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

- പദ്ധതിയുടെ നടത്തിപ്പിനും പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുന്നതിനുമായി വർഷാരംഭത്തിൽ പി.എം.സി രൂപീകരിക്കുന്നു. പ്രസ്തുത കമ്മിറ്റി രണ്ടു മാസത്തിൽ ഒരിക്കലോ ആവശ്യമെങ്കിൽ ഇടവേളകളിലോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. ഇവിടെ 2015-16 വർഷത്തിൽ കമ്മിറ്റി യോഗം ചേർന്നത് 04 തവണ മാത്രമാണ് (04.04.2015, 19.09.2015, 20.01.2016, 30.03.2016). കൂടാതെ യോഗങ്ങളിൽ കമ്മിറ്റിയിലെ തെരെഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ പങ്കാളിത്തം കുറവായിരുന്നു. ഇത് കാരണം പാലിയേറ്റീവ് പ്രവർത്തനങ്ങൾ ശരിയായി വിലയിരുത്തുന്നതിന് സാധിച്ചില്ല.

- പാലിയേറ്റിവ് പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ട് പോകുന്നതിന് പാലിയേറ്റീവ് കെയർനിർവ്വഹണ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എന്നാൽ മുനിസിപ്പാലിറ്റിയിൽ 2015-16 വർഷത്തിൽ പി.ഐ.സി രൂപീകരിച്ചില്ല.

- പാലിയേറ്റീവ് കെയർ നഴ്സിന് പ്രവൃത്തി ചെയ്ത ഓരോ മാസത്തേയും ഹോണറേറിയം അടുത്ത മാസം 10-ാം തീയതിക്കകം നൽകേണ്ടതാണെന്നും ഇതിൽ ഒരു വീഴ്ചയും വരുത്താൻ പാടില്ലെന്നും സർക്കാർനിർദേശിക്കുന്നു. പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും ഓണറേറിയം നല്കാൻ കഴിയാതെ വന്നാൽ തനതു ഫണ്ടിൽനിന്നും നൽകേണ്ടതും പാലിയേറ്റീവ് കെയർ പ്രോജക്ടിൽ ഫണ്ട് ലഭിക്കുന്ന മുറക്ക് അത് തനതു ഫണ്ടിൽ തിരിച്ചടക്കേണ്ടതാണെന്നും സർക്കാർ നിർദേശിക്കുന്നു. എന്നാൽ ഈ നിർദേശം പാലിക്കുന്നതായി കാണുന്നില്ല. (2015 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള ഓണറേറിയം നൽകിയിരിക്കുന്നത് സെപ്റ്റംബറിലാണ്.) പാലിയേറ്റിവ് കെയർ നഴ്സിന്റെ ഓണറേറിയം എല്ലാ മാസവും 10-നു മുൻപ് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു. ഇത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളുടെ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപന ത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും ആയതു പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയറിനായി തുക ചെലവഴിക്കാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ നാളിതുവരെയായി രോഗികളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

- കുടുംബ സംഗമം നടത്തുന്നത് രോഗികൾക്കും അവരുടെ കുടുംബ അംഗങ്ങൾക്കും ബോധവൽക്കരണം നടത്തുന്നതിനാണ്. എന്നാൽ മുനിസിപ്പാലിറ്റി നടത്തിയ കുടുംബ സംഗമത്തിൽ പങ്കെടുത്ത 200 പേരിൽ 69 പേർമാത്രമാണ് രോഗികളുടെ കുടുംബാംഗങ്ങൾ. രോഗികളുടെ കുടുംബാംഗങ്ങളുടെ പങ്കാളിത്തം കുറവായതിനാൽ കുടുംബ സംഗമം എന്നത് സന്നദ്ധ പ്രവർത്തകരുടെയും അധികൃതരുടെയും സംഗമം ആയി മാറി.

എ) പാലിയേറ്റീവ് കെയർപ്രവർത്തനങ്ങൾക്കായി 1250/- രൂപ ദിവസ വാടകയിനത്തിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. വാടകയിനത്തിൽ 2015 -16 വർഷത്തിൽ 215350/- രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. ഇങ്ങനെ പ്രതിഫലം നൽകിയപ്പോൾ ആദായ നികുതി വകുപ്പ് സെക്ഷൻ 194 സി അനുസരിച്ച ആദായ നികുതി വാഹന ഉടമയിൽ നിന്നും ഈടാക്കിയില്ല. ഇത് കാരണം 2153.5 രൂപ ആദായ നികുതിയിനത്തിൽ നഷ്ടമായി. ഇത് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

ബി) പാലിയേറ്റീവ് കെയറിലേക്ക് മരുന്ന് വാങ്ങി നല്കുന്നതിനായി പ്രോജെക്ടിൽ തുക വിലയിരുത്തിയിരുന്നു. സർക്കാർഉത്തരവ് പ്രകാരം പ്ലാൻ ഫണ്ട് ഉപയോഗിച്ച് മരുന്ന് വാങ്ങി നൽകുന്നതിന് മുൻപായി ബന്ധപ്പെട്ട അധികൃതരിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്, എന്നാൽ ഇവിടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ 25.02.2016-ൽ 570000/-രൂപ (ഡി.ഡി നം.140434 തീയതി 25.02.2016) KMSCL-നു കൈമാറുകയും ചെയ്തു. എന്നാൽ വിവിധ തീയതികളിലെ ബില്ലുകൾ പ്രകാരം ആകെ 461007/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ആയതിനാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ മരുന്ന് വാങ്ങിയ നടപടി സർക്കാർമാർഗ നിർദ്ദേശങ്ങൾക്കെതിരാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.14) മറുപടി ലഭിച്ചെങ്കിലും മറുപടി തൃപ്തികരമല്ല. കൂടാതെ 108993/-രൂപയുടെ മരുന്നുകൾ

ലഭിച്ചിട്ടില്ല. ഈ രണ്ടു കാരണങ്ങളാൽ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച 570000/- രൂപ തടസ്സപ്പെടുത്തുന്നു.

സി) പാലിയേറ്റീവ് കെയറിലേക്ക് ആയുർവേദ മരുന്ന് വാങ്ങി നല്കുന്നതിനായി പ്രോജക്റ്റിൽ തുക വിലയിരുത്തിയിരുന്നു സർക്കാർഉത്തരവ് പ്രകാരം പ്ലാൻ ഫണ്ട് ഉപയോഗിച്ച് മരുന്ന് വാങ്ങി നൽകുന്നതിന് മുൻപായി ബന്ധപ്പെട്ട അധികൃതരിൽ നിന്നും നോൺ അവൈല ബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. എന്നാൽ ഇവിടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ 28.03.2016-ൽ 50000/-രൂപ (ഡി.ഡി നം. 736763തീയതി 28.03.2016) ഔഷധിക്ക് കൈമാറുകയും ചെയ്തു. അതനുസരിച്ചുള്ള മരുന്നുകൾ ലഭിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.7) മറുപടി ലഭിച്ചെങ്കിലും മറുപടി തൃപ്തികരമല്ല. ആയതിനാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ മരുന്ന് വാങ്ങിയ നടപടി സർക്കാർമാർഗ നിർദ്ദേശങ്ങൾക്കെതിരാണ്. ഈ കാരണത്താൽ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച 50000/- രൂപ തടസ്സപ്പെടുത്തുന്നു

ഡി) രോഗികളുടെയും കുടുംബങ്ങളുടെയും ഹോം കെയർടീമിൽ പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടെയും വാർഷിക സംഗമം 29.02.2016-ൽ സംഘടിപ്പിച്ചു. ഇതിനായി വിവിധ ഇനങ്ങളിലായി 40000/-രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദേശ പ്രകാരം ഇത്തരം സംഗമങ്ങൾ ആർഭാട രഹിതമായി സംഘടിപ്പിക്കേണ്ടതാണ്. കുടുംബ സംഗമത്തിൽ പങ്കെടുക്കുന്ന വ്യക്തികളുടെ ഭക്ഷണത്തിനായി ഒരാൾക്ക് 60/-രൂപ നിരക്കിൽ ചെലവഴിക്കാവുന്നതാണ്. രേഖകൾ പ്രകാരം 200 പേരാണ് കുടുംബ സംഗമത്തിൽ പങ്കെടുത്തത്. 200 പേർക്ക് 60/-രൂപ നിരക്കിൽ 12000/-രൂപ ചെലവഴിക്കാവുന്നതാണ്. എന്നാൽ ഇവിടെ ഭക്ഷണത്തിനായി 17500/-രൂപ ചെലവഴിച്ചു. മാർഗ നിർദേശങ്ങൾക്ക് വിരുദ്ധമായി 5500/- രൂപ അധികം ചെലവഴിച്ചു. കുടുംബ സംഗമത്തിന്റെ മറ്റു ചെലവുകൾക്കായി പരമാവധി 3000/- രൂപ അനുവദിക്കാവുന്നതാണെന്നും കൂടുതൽ തുക ആവശ്യമെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതുമാണെന്നും സർക്കാർ നിർദ്ദേശിക്കുന്നു. എന്നാൽ ഇവിടെ മറ്റു ചെലവുകൾക്കായി 22500/-രൂപ ചെലവഴിച്ചിട്ടുണ്ട്. അതായത് 19500/-രൂപ അധികമായി ചെലവഴിച്ചു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.7) മറുപടി ലഭിച്ചെങ്കിലും മറുപടി തൃപ്തികരമല്ല. ആയതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി, അധികമായി ചെലവഴിച്ച 25000/-(5500+19500) രൂപ നിരാകരിക്കുന്നു.

## 3-22 ലഹരി വിമുക്ത മുനിസിപ്പാലിറ്റി

പ്രോജക്റ്റ് നമ്പർ - എസ് 203/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(അലോപ്പതി)

ബിൽ നം. - 4/15 തീയതി 11.12.2015, തുക-206300/-

ബിൽ നം. - 7/15 തീയതി 21.03.2016 , തുക-163000/-

ലഹരി ഉപയോഗിക്കുന്നതിനെതിരായുള്ള ബോധവൽക്കരണത്തിനാണ് പ്രൊജക്റ്റ് രൂപീകരിച്ചത്. ബോർഡ് സ്ഥാപിക്കൽ, നോട്ടീസ് വിതരണം, ക്ലാസ്സുകൾ എന്നിവയാണ് ബോധവൽക്കരണത്തിന്റെ ഭാഗമായി നടത്തിയത്. പദ്ധതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിപ്പെട്ടു.

സബ്സിഡി മാർഗരേഖ പ്രകാരം ഉത്പാദനപരമല്ലാത്ത ബോധവൽക്കരണ ക്യാമ്പെയിനുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല. എന്നാൽ ഏതെങ്കിലും പ്രത്യേക ആവശ്യത്തിനായി ബോധവൽക്കരണ ക്യാമ്പുകൾ നടത്താവുന്നതാണ്. എന്നാൽ ഇവിടെ ക്യാമ്പുകൾ എന്നതിനപ്പുറം ബോർഡ് സ്ഥാപിക്കുന്നതിനാണ് പദ്ധതി പണം ചെലവഴിച്ചിരുന്നത്. ഇത് സബ്സിഡി മാർഗരേഖക്ക് എതിരാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.14) മറുപടി ലഭിച്ചെങ്കിലും മറുപടി തൃപ്തികരമല്ല.

*എ) <u>കോർണർബോർഡ് സ്ഥാപിക്കൽ</u>*

ലഹരി വിരുദ്ധ സന്ദേശങ്ങൾ അടങ്ങിയ ബോർഡുകൾ മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനായി 150000/-രൂപ വിലയിരുത്തു കയും ഇതിനായി ടെൻഡർക്ഷണിക്കുകയും

ചെയ്തു. ഇതിനായി 3900/-രൂപ ചെലവഴിച്ചു. ലഭിച്ച 2 ടെണ്ടറുകളിൽ കുറഞ്ഞ തുക 2650/-രൂപ ക്വോട്ട് ചെയ്ത ടെൻഡർഅംഗീകരിച്ചു. 20.03.2015ൽ വർക് ഓർഡർനൽകുകയും 56 ബോർഡുകൾ പല സ്ഥലങ്ങളിലായി സ്ഥാപിക്കുകയും ചെയ്തു. ഇതിന്റെ ഫോട്ടോ എടുക്കുന്നതിനായി 3000/- രൂപയും ചെലവഴിച്ചു. (48 ഫോട്ടോകൾ) 56ബോർഡുകൾക്കായി 148400/- രൂപ ഷിബു.കെ എന്ന വ്യക്തിക്ക് നൽകി.

- ടെൻഡർനേടിയ വ്യക്തിയുമായി നെഗോസിയേഷൻ നടത്തിയില്ല.
- പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കിയില്ല.
- നഗരസഭയുടെ വിവിധ സ്ഥലങ്ങളിൽ ബോർഡ് സ്ഥാപിച്ചുവെങ്കിലും അത് ഏറെക്കുറെയും സ്ഥാപിച്ചിരിക്കുന്നത് വിസിബിൾ ഏരിയകളിൽ അല്ല
- ഏത് സ്ഥാനത്ത് ബോർഡ് സ്ഥാപിക്കണം എന്നുള്ള വ്യക്തമായ നിർദേശം നൽകുന്നതിന് പകരം കരാറുകാരൻ തനിക്കിഷ്ടമുള്ള സ്ഥാനത്തു ബോർഡ് സ്ഥാപിച്ചു.
- ബോധവൽക്കരണത്തിന്റെ ഭാഗമായുള്ള ബോർഡിലെ സന്ദേശങ്ങൾ നിലവാരം പുലർത്തിയില്ല.

ഷിബു.കെ എന്ന കരാറുകാരന് 148400/- രൂപ നൽകിയെങ്കിലും ടിയാനിൽ നിന്നും ആദായ നികുതി വകുപ്പ് സെക്ഷൻ 194 സി അനുസരിച്ചു ആദായ നികുതി ഈടാക്കിയില്ല. ഇതുകാരണം ആദായ നികുതി ഇനത്തിൽ 1484/-രൂപ നഷ്ടമായി. ഇത് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്ക വരുത്തേണ്ടതാണ്.

ബി) <u>ക്ലാസ്സുകൾ സംഘടിപ്പിക്കൽ</u>

ബോധവൽക്കരണത്തിന്റെ ഭാഗമായി 44 വാർഡുകളിലും 10 സ്കൂളുകളിലും ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ ക്ലാസുകൾ നടത്തി. ഓരോ ക്ലാസ്സിനും 3000/- രൂപയാണ് നീക്കി വെച്ചത്. ക്ലാസ്സിൽ പങ്കെടുത്തവർക്ക് നൽകാനുള്ള ആഹാരം, ലൈറ്റ് ആൻഡ് സൗണ്ട്, ബാനർ, കസേര & മേശ എന്നിവക്കാണ് 3000/-രൂപ ചെലവഴിച്ചത്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

44 വാർഡുകളിലും ലൈറ്റ് ആൻഡ് സൗണ്ടിനായി 54900/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി കൃഷ്ണ ലൈറ്റ് ആൻഡ് സൗണ്ട് എന്ന സ്ഥാപനത്തിന്റെ സേവനമാണ് ഉപയോഗിച്ചത്. ടി ജോലി ക്വട്ടേഷൻ/ടെൻഡർമുഖേന നടത്താവുന്നതായിരുന്നു. എന്നാൽ അത് ചെയ്യാതെ എല്ലാ വാർഡുകളിലേക്കും ഈ ജോലി ടി സ്ഥാപനത്തിന് നേരിട്ട് നല്കി. ഇങ്ങനെ ചെയ്യാതിരുന്നെങ്കിൽ ചെലവ് കുറക്കാൻ കഴിയുമായിരുന്നു.

54 ക്ലാസ്സുകളിലേക്കുമായി 54 ഫ്ലക്സ്/ബാനർ വാങ്ങുന്നതിനായി 14000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ ദിവസവും ഓരോ ക്ലാസുകൾ എന്ന രീതിയിലാണ് ക്ലാസുകൾ ക്രമീകരിച്ചത്. ബാനറുകൾ വീണ്ടും വീണ്ടും ഉപയോഗിക്കത്തക്ക രീതിയിലാണ് നിർമ്മിച്ചത്. ബാനറുകൾ വീണ്ടും വീണ്ടും ഉപയോഗിക്കാമെങ്കിലും അങ്ങനെ ചെയ്യാതെ ഓരോ ക്ലാസ്സിനും ഓരോ ഫ്ലക്സ് എന്ന രീതിയിലാണ് വൗച്ചറുകൾ ഹാജരാക്കിയിരിക്കുന്നത്.

ക്ലാസുകൾ നടത്തിയതുമായി ബന്ധപ്പെട്ട ഫോട്ടോകൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ഫോട്ടോകൾ തമ്മിലുള്ള താരതമ്യ പഠനത്തിലും പരിശോധനയിലും ടി ഫോട്ടോകൾ വ്യാജമാണെന്ന് കാണാൻ കഴിഞ്ഞു. ഫോട്ടോഷോപ് പോലുള്ള കംപ്യൂട്ടർ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വ്യാജമായി നിർമ്മിച്ച ഫോട്ടോകളാണ് ഓഡിറ്റിന് ഹാജരാക്കിയത്. മറ്റേതോ ആവശ്യങ്ങൾക്കായി നടന്ന ക്ലാസ്സുകളുടെ ഫോട്ടോകളിൽ, ബോധവൽക്കരണത്തിന്റെ ബാനർ, ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന ഇൻസ്ട്രക്ടർമാർ എന്നീ ചിത്രങ്ങൾ വ്യാജമായി കൂട്ടിച്ചേർത്തതാണ് കാണുന്നു. ഫോട്ടോകൾ വ്യാജമാണെന്ന് പ്രഥമദൃഷ്ട്യാ തന്നെ മനസിലാക്കാൻ കഴിയുന്നതാണ്. ഫോട്ടോയിൽ വ്യാജമായി കൂട്ടിച്ചേർത്ത ഭാഗങ്ങൾ മാർക്ക് ചെയ്ത് താഴെ കൊടുത്തിരിക്കുന്നു. ഇതിൽ നിന്നും ബോധവൽക്കരണവുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ നടന്നിട്ടില്ലായെന്ന് അനുമാനിക്കാവുന്നതാണ്. കൂടാതെ ഫ്ലക്സ്/ബാനർ എന്നിവ രേഖകൾ ഹാജരാക്കിയത് പ്രകാരം നിർമ്മിച്ചിട്ടില്ലായെന്നും അനുമാനിക്കുന്നു.

 

 

 

 

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.19) മറുപടി ലഭിച്ചെങ്കിലും മറുപടി തൃപ്തികരമല്ല. ആയതിനാൽ ക്ലാസ്സുകൾക്കായി ചെലവാക്കിയ 163000/-രൂപ തടസ്സപ്പെടുത്തുന്നു.

ഈ സാഹചര്യത്തിൽ സബ്സിഡി മാർഗ്ഗരേഖക്ക് എതിരായി ബോർഡ് സ്ഥാപിച്ചതിനും അതിനു അനുബന്ധമായി ചെലവഴിച്ചതും ക്ലാസുകൾ നടത്തുന്നതിനുമായി ചെലവഴിച്ച 369300/-രൂപ (206300+163000) തടസ്സപ്പെടുത്തുന്നു. കൂടാതെ ക്ലാസുകൾ നടത്തിയതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനായി ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## **3-23** നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ - പ്രൊജക്റ്റ് രേഖകൾ ഹാജരാക്കിയില്ല - **2104853/-**രൂപ തടസ്സപ്പെടുത്തുന്നു

നഗര ദാരിദ്ര്യ നിർമാർജ്ജന സെല്ലിലെ പ്രോജക്റ്റ് ഓഫീസിൽ നടപ്പിലാക്കിയ 2 പ്രോജക്റ്റുകളുടെ രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല. ഹാജരാക്കാത്ത പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ പറയുന്നു.

1. *പ്രോജക്റ്റ് നമ്പർ - 208 /16*

   പ്രോജക്റ്റിന്റെ പേര് - വികലാംഗ വിദ്യാർഥികളുടെ തൊഴിൽ സാധ്യത വർധിപ്പിക്കുന്നതിനുള്ള പദ്ധതി

   ചെലവായ തുക - 664853

2. *പ്രോജക്റ്റ് നമ്പർ -212 /16*

   പ്രോജക്റ്റിന്റെ പേര് - വികലാംഗർക്ക് സ്കോളർഷിപ്പ്

ചെലവായ തുക - 1440000

രണ്ടു പ്രോജക്ടുകളുടെയും ഫയലുകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/16 -ന മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ രണ്ടു പ്രോജക്ടുകളിലുമായി 2104853/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-24 പ്രീ പ്രൈമറി ടീച്ചർമാർക്കും ആയമാർക്കും ഓണറേറിയം ബാക്കി തുക തിരിച്ചടച്ചിട്ടില്ല- നടപടികൾ ത്വരിതപ്പെടുത്തണം

പ്രോജക്ട് നമ്പർ - 180 /16

ആകെ തുക - 210000

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പൽ ജി.എച്ച്.എസ്.എസ് നെയ്യാറ്റിൻകര

16 പ്രീ പ്രൈമറി ടീച്ചർമാർക്കും 11 ആയമാർക്കും ആയി 210000/-രൂപ ഓണറേറിയം നല്കുന്നതിനാണ് ടി പ്രോജക്ട് ലക്ഷ്യം വച്ചിട്ടുള്ളത്. പ്രോജക്ട് രേഖകൾ പരിശോധിച്ചതിൽ 9000/-രൂപ വീതം രണ്ടു ടീച്ചർമാരുടെ ഓണറേറിയം വിതരണം ചെയ്തിട്ടില്ല. ടീച്ചർമാർ ശൂന്യവേതനാവധിയിൽ ആയിരുന്നതാണ് കാരണം. എന്നാൽ ടി തുക നാളിതുവരെ തിരിച്ചടവാക്കിയിട്ടില്ല. ആയതിനാൽ ഡിമാൻഡ് ഡ്രാഫ്റ്റുകൾ റീവാലിഡേറ്റ് ചെയ്തു കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-25 ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ പദ്ധതി - രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടില്ല- **600000/-** രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - 191 /16

അടങ്കൽ തുക - 600000

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രോജക്ട് ഓഫീസർ

ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

200000/-രൂപ വീതം 3 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ടി പ്രോജക്ടിന്റെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്താക്കളായ മണിയൻ, വിജയ ദാസ് എന്നിവരുടെ അപേക്ഷകളും യോഗ്യത തെളിയിക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല

2) ധനസഹായം മുൻപ് ലഭിച്ചിട്ടില്ലായെന്നതിനു നഗരസഭാ രേഖകളോ അഫിഡവിറ്റോ ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല

3) സ്ഥലത്തിന്റെ സബ്സിഡി തുക സ്ഥലം വിറ്റ ആളിന്റെ പേരിൽ അക്കൗണ്ട് പേയി ചെക്ക് /ഡിഡി നൽകിയതിന്റെ പകർപ്പുകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച ഓഡിറ്റ് അന്വേഷണം നമ്പർ 25 ന മറുപടി ലഭിച്ചിട്ടില്ല. യോഗ്യത മാനദണ്ഡങ്ങൾ പാലിച്ചതിന്റെ വിവരങ്ങൾ പരിശോധിക്കാനോ തുകയുടെ കൈമാറ്റം പരിശോധിക്കാനോ കഴിയാത്തതിനാൽ ചെലവായ 600000 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.യു.ആർ ഡി.എഫ് സി | K.Dis.b5/7216/ 2001/23/2001 | 10,26,30,109 | 11,89,78,900 | 8736230 | 469350993 |
| ഇ.എം. എസ് | സ.ഉ.(എംഎസ്) 306/2011/ ത.സ്വ.ഭ.വ | 5,00,00,000 | 2,50,00,000 | 50,00,000 | 2,00,00,000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 18863006 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 18863006 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 8218486 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10644520 |

*വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം*

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| യൂക്കോ ബാങ്ക് | 70840000 |
| ഐ.ഒ.ബി | 3560520 |
| ആകെ | 10644520 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 54 | 2003-04 | 6.1.1 | പദ്ധതി തുക വകമാറ്റിയത് | |
| 1999-00 | 59 | 2003-04 | 6.1.2 | താലൂക്ക് ആശുപത്രിയിൽ പൈറലേറ്റർ സ്ഥാപിച്ചത് | |
| 1999-00 | 62 | 2003-04 | 6.1.3 | മരാമത്ത് പ്രവൃത്തികൾ | |
| 1999-00 | 63 | 2003-04 | 6.1.4 | ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ | |
| 1999-00 | 64 | 2003-04 | 6.1.5 | കുടിവെള്ള പദ്ധതികൾ | |
| 1999-00 | 80 | 2003-04 | 6.1.6 | ലേലം | |
| 1999-00 | 94 | 2003-04 | 6.1.7 | മണൽ ലേലം | |
| 1999-00 | 95 | 2003-04 | 6.1.8 | ഷോപ്പിംഗ് കോംപ്ലക്സ് | |
| 2000-01 | 2.28 | 2005-06 | 6.1 | മെറ്റലിംഗ്, ടാറിംഗ് | |
| 2000-01 | 2.23 | 2005-06 | 6.2 | വകമാറ്റി ചെലവ് | |
| 2000-01 | 2.35 | 2005-06 | 6.3 | റോഡ് നിർമ്മാണം | |
| 2001-02 | 2.12 | 2006-07 | 4.6.1 | അക്ഷയ കോംപ്ലക്സ് | |
| 2001-02 | 2.13.3 | 2006-07 | 4.6.2 | അക്ഷയ കോംപ്ലക്സ് | |
| 2014-15 | 6-1 | 2014-15 | 6-1 | തൊഴിൽരഹിത വേതനം 13.35 ലക്ഷം രൂപയുടെ പണാപഹരണം | തുടർനടപടികൾ സ്വീകരിച്ചുവരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 293959767.43 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 257524944 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 261543 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 588000 |

*(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 74316 | മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 67222 | മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 13948 | മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 52506 | മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | | 14512 | മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 16555 | മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-21 | | 25000 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | | 264059 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 300000 | പട്ടികജാതി വികസന ഓഫീസർ |
| 3-20 | 125000 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-22 | 369300 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-23 | 2104853 | പ്രോജക്ട് ഓഫീസർ |
| 3-25 | 600000 | പ്രോജക്ട് ഓഫീസർ |
| ആകെ | 588000 | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഡേവിഡ് ജോൺ.ഡി മോറിസ്, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, നെയ്യാറ്റിൻകര നഗരസഭ. | 46 ഗാർഡൻ ഹൗസ്, രാജാക്കമംഗലം, നാഗർകോവിൽ |
| ശ്രീ.ജയനേന്ദ്രദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | വൈദേഹി, NLRA-45, ഉള്ളൂർ, നീരാഴിറോഡ്, മെഡിക്കൽ കോളേജ്.പി.ഒ, തിരിവനന്തപുരം |
| ഡോ.ലിനി.എം.എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | അതുല്യ, ശ്രീകൃഷ്ണനഗർ, ശ്രീകാര്യം, തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | നം.എൽ.എഫ്.റ്റി.ഡി(എ)4/13/99/01.01.1992 | 32 | |
| 1997-98 | നം.എൽ.എഫ്.റ്റി.ഡി(എ)എം.എൽ.476/2000/ 20.12.00 | 36 | |
| 1998-99 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.241/01/15.03.2003 | 31 | |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.289/03/13.10.2003 | 57 | |
| 2000-01 (ചെലവ്) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1370/04/16.3.2005 | 63 | |
| 2000-01 (ഫൈനൽ) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1637/07/16.2.2008 | 34 | |
| 2001-02 (ചെലവ്) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1365/06/20.1.07, 14.3.07 | 29 | |
| 2001-02 (ഫൈനൽ) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1636/07/7.4.2008 | 30 | |

| | | | |
|---|---|---|---|
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1683/07/7.4.2008 | 28 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1720/2007 | 24 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1584/2009 | 24 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1601/09/31.03.10 | 25 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.304/11/13.10.2011 | 24 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.305/11/13.10.2011 | 33 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.36/12/17.07.12 | 20 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.37/12/17.7.12 | 18 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1684/12/22.2.13 | 35 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.2080/14, 18/12/14 | 25 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1901/13/16.1.14 | 37 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.738/2016/ 18.03.2016 | 42 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.1337/2016/ 12.08.2016 | 34 | |

1995 – 96 വരെയുള്ള കുടിശ്ശിക സംബന്ധിച്ച വിവരം ലഭ്യമല്ല.

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994ലെ കേരള നഗരപാലികാ നിയമത്തിലെ 295(4)-ാം വകുപ്പ് എന്നിവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും നെയ്യാറ്റിൻകര നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതൊഴികെ നെയ്യാറ്റിൻകര നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള നഗരപാലികാ നിയമത്തിന്റെ 295-ാം വകുപ്പും 2003ജൂൺ 12-ലെ നമ്പർ:319/2003ധന /തിയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## ന്യൂനതകളുടെ സംഗ്രഹം

- വികസനഫണ്ട് (ജനറൽ), എസ്.സി.പി, കെ.എൽ.ജി.എസ്.ഡി.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നീ അക്കൗണ്ടുകൾ റെക്കൺസിലേഷൻ ചെയ്തിട്ടില്ല.
- കണ്ടിജന്റ്, റഗുലർ വിഭാഗം ജീവനക്കാർക്ക് നൽകുവാനുള്ള DCRG, DA അരിയർ തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.
- നഗരസഭയുടെ എല്ലാ ആസ്തികളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.
- സർക്കാർ നിർദ്ദേശമനുസരിച്ച് താൽക്കാലികമായി നഗരസഭാ ഫണ്ടിൽ നിന്നും നൽകുന്ന പെൻഷൻ തുകകൾ ബാലൻസ് ഷീറ്റിൽ Receivables ആയി ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.